2016
ഒക്ടോബർ 25
വാല്യം 09
ലക്കം 20

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# 93-ാമത് കുമ്പനാട് കൺവൻഷൻ 2017 ജനുവരി 15-22 വരെ

**കുമ്പനാട്:** ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ചുമതലയിൽ നടക്കുന്ന 93-ാമത് അന്തർദേശീയ കൺവൻഷൻ 2017 ജനുവരി 15 മുതൽ 22 വരെ ഹെബ്രോൻപുരത്ത് നടക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ 15-ന് വൈകിട്ട് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ മുഖ്യപ്രഭാഷണം നടത്തും.


പാസ്റ്റർ ജേക്കബ് ജോൺ


പാസ്റ്റർ കെ. സി. ജോൺ


പാസ്റ്റർ വിത്സൻ ജോസഫ്


പാസ്റ്റർ തോമസ് ഫിലിപ്പ്


ബ്രദർ സജി പോൾ

ഏഴ് ദിവസം നീളുന്ന കൺവൻഷനിൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും വിശ്വാസികളും ശുശ്രൂഷകരും പങ്കെടുക്കും. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രസംഗം പരിഭാഷ ചെയ്യപ്പെടും. 1925-ൽ റാന്നിയിൽ ആരംഭിച്ച കൺവൻഷനാണ് പിന്നീട് കുമ്പനാട്ടേക്ക് മാറ്റിയതും കുമ്പനാട് കൺവൻഷൻ എന്ന പേരിൽ പ്രസിദ്ധമായത്.

സഭയുടെ സമുന്നതരായ നേതാക്കൾ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. മധ്യസ്ഥ പ്രാർത്ഥന, ബൈബിൾ ക്ലാസ്സ്, പൊതുയോഗം, മിഷനറി സമ്മേളനം, യുവജനസമ്മേളനം, കുട്ടികളുടെ പ്രോഗ്രാം, സുവിശേഷ യോഗം എന്നിവ വിവിധ ദിവസങ്ങളിൽ നടക്കും. കൺവൻഷന്റെ അനുഗ്രഹത്തിനായി ജനുവരി 8 മുതൽ 14 വരെ ഒരാഴ്ചത്തെ ഉപവാസപ്രാർത്ഥന കൺവൻഷൻ പന്തലിൽ വെച്ച് നടക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർ കെ. കെ. ജോർജ്ജ് (പ്രയർ), പാസ്റ്റർ വി. ജി. തോമസ്കുട്ടി (റിസപ്ഷൻ), ബ്രദർ എബി പെരുമ്പട്ടി (സെക്യൂരിറ്റി), ബ്രദർ എം. വി. ഫിലിപ്പ് (പബ്ലിസിറ്റി), ബ്രദർ സാം കുഴിക്കാല (മ്യൂസിക്), പാസ്റ്റർ വർഗീസ് മാത്യു (രജിസ്ട്രേഷൻ), ബ്രദർ സജി പോൾ (പന്തൽ), അഡ്വ. ജോൺസൺ കെ. ശാമുവേൽ (ട്രാൻസ്പോർട്ടേഷൻ), ബ്രദർ ബാബു കുമ്പനാട് (ഭക്ഷണം), പാസ്റ്റർ തോമസ് ജോർജ്ജ് (സാമ്പത്തികം), ബ്രദർ കെ. പി. തോമസ് (കൗൺസിലിംഗ്),

06

## ശുശ്രൂഷകർ ശുദ്ധഹൃദയം ഉള്ളവർ ആയിരിക്കണം: പാസ്റ്റർ സി. സി. തോമസ്




**മുളക്കുഴ:** ശുശ്രൂഷകർ ശുദ്ധഹൃദയം ഉള്ളവരായിരിക്കണം. ഒപ്പം ദൈവീകമായ ബന്ധം കാത്തുസൂക്ഷിക്കുകയും നിലനിൽക്കുകയും ചെയ്തെങ്കിൽ മാത്രമേ വിജയകരമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പാസ്റ്റർ സി. സി. തോമസ് പറഞ്ഞു. മുളക്കുഴയിൽ നടന്ന ചർച്ച ഓഫ് ഗോഡ് ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് മീറ്റിംഗിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ്. റ്റി. എം. വർഗീസ് മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ നടന്ന മീറ്റിംഗിൽ പാസ്റ്റർ പി. ജി. മാത്യൂസ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ കെ. എ. ഉമ്മന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം സങ്കീർത്തനം വായിച്ചു. പാസ്റ്റേഴ്സ് ബാബു ചെറിയാൻ, ജോൺസൺ ദാനിയേൽ, വിനോദ് ജേക്കബ്, റ്റി. എം. മാമ്മച്ചൻ തുടങ്ങിയവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് സ്വാഗതവും ചാരിറ്റി ബോർഡ് ഡയറക്ടർ പാസ്റ്റർ വൈ. റെജി നന്ദിയും പറഞ്ഞു.

## സോൾ വിന്നേഴ്സ് സ്ഥാപകൻ പാസ്റ്റർ കെ. ജി. ഈശോ നിത്യതയിൽ



**മാവേലിക്കര:** സോൾ വിന്നേഴ്സ് സ്ഥാപകൻ പാസ്റ്റർ കെ. ജി. ഈശോ (71) നിത്യതയിൽ. 1945-ൽ മാവേലിക്കര അറുനൂറ്റിമംഗലത്താണ് ജനനം. ബാല്യത്തിൽ നിരന്തരം രോഗത്തിൽ കൂടി കടന്നുപോയപ്പോൾ മാതാപിതാക്കൾ അന്നത്തെ വിശ്വാസം അനുസരിച്ചു തന്നെ കർത്താവിനായി സമർപ്പിച്ചു നല്ല ജീവിത സാഹചര്യം നല്ല വിദ്യാഭ്യാസവും ഉള്ളപ്പോഴും തന്റെ ജീവിതം ക്രിസ്തുവിനുവേണ്ടി സമർപ്പിച്ചു മാതൃകയായ ബഹുമാന്യൻ ആണ്. ജോലിക്കായി വടക്കേ ഇന്ത്യയിൽ എത്തിയിട്ടു ക്രിസ്തുവിന്റെ ശബ്ദത്തിനു കീഴടങ്ങി താൻ സുവിശേഷവേലയിൽ ശ്രദ്ധ തിരിക്കുകയായിരുന്നു.

തന്റെ 12-ാമത്തെ വയസ്സിൽ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. പഠനശേഷം മധ്യപ്രദേശിൽ പോകുകയും സർക്കാർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അവിടെ ക്രിസ്തുവിനെ അറിയാത്ത വില്ലേജുകൾ കണ്ടെത്തുകയും, ആ ഭാരം താൻ ഏറ്റെടുത്തു അവിടെ ക്രിസ്തുവിന്റെ വേലയിൽ വ്യാപൃതനായി. പിന്നീട് ഇന്ത്യയിലെ 25 സംസ്ഥാനങ്ങളിലും സോൾ വിന്നേഴ്സ് എന്ന സ്ഥാപനം വളർന്നു പന്തലിച്ചു. ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, കേരളം എന്നിവിടങ്ങളിൽ ബൈബിൾ സ്കൂളുകൾ തുടങ്ങി. കൂടാതെ നേപ്പാൾ, ഭൂട്ടാൻ തുടങ്ങി അയൽരാജ്യ

06

## സാക്ഷി



താൻ തോറ്റാൽ തെരഞ്ഞെടുപ്പുഫലം അംഗീകരിക്കില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥി ട്രംപ്

*അത്തരമൊരു കക്ഷി ഇങ്ങ് കേരളത്തിലെ ഒരു സഭയിലും ഉണ്ടായിരുന്നു.*

## പാസ്റ്റർ അപകടത്തിൽ മരിച്ചു



കുമളി അണക്കര കുന്നേൽ വർഗീസിന്റെ മകനായി 1972-ൽ ജനിച്ചു. 17-ാം വയസ്സിൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ച് 1991-ൽ ഗോസ്പൽ ഫോർ ഏഷ്യയുടെ ICTC -ൽ ബൈബിൾ പഠനത്തിന് ചേർന്നു 1995-ൽ GFABS സെമിനാരിയിൽ നിന്ന് പഠനം പൂർത്തികരിച്ചു. തുടർന്ന് ബീലിവേഴേസ് ചർച്ചിന്റെ പ്രവർത്തനങ്ങളോട് ചേർന്നു. 2011-ൽ ബിലിവേഴ്സ് ചർച്ച് പ്രവർത്തനങ്ങളോട് വിട പറഞ്ഞു. ബൈബിൾ കോളജ് പ്രിൻസിപ്പാൾ, കണ്ണൂർ, കോഴിക്കോട് സിസ്ട്രിക്റ്റ് പാസ്റ്റർ, സോണൽ പ്രസ്ബിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഗ്രെയ്സ് ഹാർവസ്റ്റ് ഫെലോഷിപ്പിന്റെ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ഗ്രെയ്സ് ഗോസ്പൽ മെസഞ്ചർ മാസികയുടെ പ്രവർത്തനം തുടങ്ങി.

ഭാര്യ: ഷൈനി, മക്കൾ: ജോമറ്റ്, ജെസ്വിൻ, ജോബിൻ

ഏകദേശം 8-ലധികം വർഷങ്ങളായി തിരുവല്ലയിൽ സഭാപ്രവർത്തനവും ഗ്രെയ്സ് മെസഞ്ചർ എന്ന മാസികയും നടത്തിവരികയായിരുന്നു. കട്ട

06

## 36-ാ മത് നവാപൂർ കൺവൻഷൻ നവംബർ 8 മുതൽ

**നവാപൂർ:** ഉത്തര ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ 36-ാ മത് നവാപൂർ കൺവൻഷൻ നവംബർ 8-12 വരെ മഹാരാഷ്ട്രയിലെ നവാപൂരിന് സമീപമുള്ള കരഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. നവംബർ 8 വൈകിട്ട് 6 ന് ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ മാരായ സുരേഷ് ബാബു (കേരളം), തോമസ് ജോർജ് (ഡൽഹി), ജേക്കബ് ചെറിയാൻ (ബാംഗ്ലൂർ), ടി.സി. തോമസ് (കേരളം), എം.എസ്. സാമുവേൽ (യുഎസ്എ) എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. കൂടാതെ ഡോ. പോൾ മാത്യു (നാഷണൽ ഓവർസിയർ) ഡോ. ഫിന്നി ഫലിപ്പ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം, ഫിലദൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

06

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# സഭകളുടെ ഐക്യം ഇന്നിന്റെ ആവശ്യം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

വിവിധ പ്രസ്ഥാനങ്ങളായി ചിതറികിടക്കുന്ന പെന്തെക്കോസ്ത് സമൂഹം പൊതു ലോകത്തിന് എന്നും ഒരു ചോദ്യചിഹ്നം തന്നെ. ഒരേ ആത്മാവിനെ പാനം ചെയ്യുന്നവർക്ക് എന്തുകൊണ്ട് ഒന്നിച്ച് നിന്നുകൂടാ എന്ന ചോദ്യം ഈ സമൂഹത്തിൽ നിന്നുതന്നെ ഉയർന്നുവരാറുണ്ട്. കസേര മോഹം വർദ്ധിക്കുന്നതിനനുസരിച്ച് പ്രസ്ഥാനങ്ങളും കൂണുപോലെ മുളയ്ക്കുകയാണ്. ഇതിൽ പല പ്രസ്ഥാനങ്ങളും ദുരുപദേശകരാണ്. എന്നാൽ പൊതുസമൂഹത്തിനുമുമ്പിൽ ഇതിനെയെല്ലാം പെന്തെക്കോസ്ത് എന്ന ലേബലിലാണ് അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ ദുരുപദേശകരെയും അഴിമതിക്കാരെയും എല്ലാം പെന്തെക്കോസ്തുകാരെന്ന് ലേബലിൽ മറ്റുള്ളവർ ഇകഴ്ത്തുന്നത്.

എന്നാൽ മുഖ്യധാരാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ തമ്മിൽ അനൗദ്യോഗിക ഐക്യവും സഹകരണവും പഴയകാലങ്ങളിൽ ഉണ്ടായിരുന്നു. ഐക്യത്തിനുവേണ്ടി ചിലർ മുന്നിട്ടിറങ്ങുകയും ചെറിയ ചില മുന്നേറ്റങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആരാണ് വലിയവനെന്ന മത്സരം ഇത്തരം ഐക്യശ്രമങ്ങളിലെല്ലാം വിള്ളൽ വീഴ്ത്തി. അത് മുതലെടുത്ത് ചില സ്വകാര്യസംഘടനകൾ ഉടലെടുത്തു. ഇന്റർനാഷണൽ, നാഷണൽ, ഗ്ലോബൽ, ഇന്ത്യൻ തുടങ്ങി പല ലേബലുകളിൽ ഐക്യസംഘടനകൾ എന്ന വ്യാജേന മുതലെടുപ്പുകാരുടെ തട്ടികൂട്ട് പരിപാടികൾ ഇവിടെ അരങ്ങേറുകയാണ്. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ നേതൃനിരയിൽ എത്തുവാൻ യോഗ്യതയില്ലാത്ത പലരും പെന്തെക്കോസ്തിന്റെ വക്താക്കളായി പൊതുസമൂഹത്തിന്റെ മുമ്പിൽ വേഷം കെട്ടി പ്രത്യക്ഷപ്പെട്ടു. ചിലർ അതിനെ ധനാഗമന മാർഗ്ഗമാക്കി മാറ്റി. ഇത്തരക്കാരുടെ നിലവാരത്തിനനുസരിച്ച് പെന്തെക്കോസ്തിനെ മറ്റുള്ളവർ അളക്കുവാൻ തുടങ്ങി. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളും നേതാക്കന്മാരും തമ്മിൽ ഐക്യവും ബന്ധവും ഉണ്ടെങ്കിൽ ഇത്തരം സ്വകാര്യസംഘടനകളൊക്കെ അപ്രസക്തമാകും.

കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാനും തിരിച്ചറിയുവാനും കഴിയുന്ന പെന്തെക്കോസ്ത് നേതാക്കന്മാർ ഐക്യത്തിനുവേണ്ടി മുന്നിട്ടിറങ്ങണം. ചിതറികിടക്കുന്ന സമൂഹം എന്നും പരസ്പരം യോജിക്കാത്തവരെന്നും രാഷ്ട്രീയക്കാർ പോലും വിധിയെഴുതിയ സമൂഹമാണ് നമ്മുടേത്. സർക്കാർ തലത്തിലും മറ്റും നേടിയെടുക്കേണ്ട പല കാര്യങ്ങളിലും പെന്തെക്കോസ്ത് സമൂഹം അവഗണിക്കപ്പെടുന്നതിന്റെ പ്രധാന കാരണവും ഈ ഐക്യതയില്ലായ്മയാണ്. അധികം അംഗസംഖ്യയില്ലാത്ത പ്രസ്ഥാനങ്ങളും സഭകളുമൊക്കെ സർക്കാരിൽ നിന്ന് ആനുകൂല്യം കൈപ്പറ്റുമ്പോൾ അർഹതയുണ്ടായിട്ടും പെന്തെക്കോസ്ത് സമൂഹം തഴയപ്പെടുകയാണ്.

സുവിശേഷീകരണ രംഗത്തും പെന്തെക്കോസ്ത് സഭകളുടെ ഐക്യത പ്രയോജനപ്പെടുത്തുവാൻ കഴിയും. ഒന്നിച്ചുമുന്നേറിയാൽ ഭാരതസുവിശേഷീകരണം എന്ന കടമ്പ പെട്ടെന്ന് കടക്കുവാൻ കഴിയും. സ്വന്തം പ്രസ്ഥാനത്തിന്റെ അംഗസംഖ്യ കൂട്ടുന്നതിൽ മാത്രം ശ്രദ്ധാലുക്കളായ നേതാക്കന്മാർ മറ്റ് പ്രസ്ഥാനങ്ങളെ പിളർത്തിയവരെയും മുടക്കപ്പെട്ടവരെയുമെല്ലാം ചേർത്തുകൊണ്ട് പോകുകയാണ്.

നേതാക്കന്മാർ തമ്മിലുള്ള ഐക്യതയും സഹകരണവും സാധ്യമായാൽ അത് താഴേത്തട്ടിലേക്കും വ്യാപിക്കും. മാത്രമല്ല അത് പൊതുസമൂഹത്തിനു നൽകുന്ന സന്ദേശം ഉളവാക്കുന്ന ഫലം വളരെ വ്യത്യസ്തമാകും. സുവിശേഷീകരണത്തിന് ഒരു വലിയ വാതിൽ തന്നെയാകും അതിലൂടെ തുറന്നുകിട്ടുക. ഇന്ന് മുഖ്യധാരാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെയെല്ലാം തലപ്പത്ത് ഉള്ളവർ മിക്കവാറും എല്ലാവരും തന്നെ വിദ്യാസമ്പന്നരും വിശാലമായ ചിന്താഗതികൾ ഉള്ളവരുമാണ്. അതുകൊണ്ടുതന്നെ കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാൻ ഇവർക്ക് കഴിയും. വ്യത്യസ്ത പ്രസ്ഥാനങ്ങളായി നിൽക്കുമ്പോൾ തന്നെ യോജിക്കാവുന്ന എല്ലാ മേഖലകളിലും ഒന്നിച്ച് നിൽക്കുവാൻ തയ്യാറാകണം. വേദപുസ്തകം നൽകുന്ന സന്ദേശവും അതുതന്നെയാണ്. ഇത് സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. പിതാവേ ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നായിരിക്കേണമെന്ന് ശിഷ്യന്മാരെക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ പ്രാർത്ഥനയും ഐക്യതയുടെ ആവശ്യകതയും ശ്രേഷ്ഠതയും വെളിപ്പെടുത്തുന്നു. സഭകളുടെ ഐക്യം ഇന്നിന്റെ ആവശ്യമാണ്.

## യുവജന പംക്തി

### ചോദ്യങ്ങൾ/ഉത്തരങ്ങൾ

# പ്രണയബന്ധങ്ങളുടെ ശരിയും തെറ്റും



ബിനു വടശ്ശേരിക്കര

സാധാരണയായി യുവജനങ്ങൾക്കിടയിൽ ഉയർന്നു വരുന്ന ചില ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഈ പംക്തിയിൽ തുടർന്ന് പ്രതിപാദിക്കുന്നത്. പല ക്യാമ്പുകളിലും യുവജനങ്ങൾ ചോദിക്കുന്ന ചില ചോദ്യങ്ങളാണ് ഇടയിൽ പലതും.

**പ്രണയബന്ധങ്ങൾ ശരിയാണോ? തെറ്റാണോ? വിശ്വാസികൾ ആണെങ്കിൽ കുഴപ്പം വല്ലതും ഉണ്ടോ?**

ഈ ചോദ്യമോ ഇതിനു സമാനമായ ചോദ്യങ്ങളോ ആണ് ഇന്നത്തെ യുവജനങ്ങളും ടീനേജ് പ്രായക്കാരും അധികവും ചോദിക്കുന്നത്. കഴിഞ്ഞദിവസങ്ങളിൽ ഞാൻ ക്ലാസ്സുകൾ നയിച്ച എല്ലാ ക്യാമ്പുകളിലും ആവർത്തിക്കപ്പെട്ട ചോദ്യവും ഇതുതന്നെയാണ്.

ഇന്നത്തെ യുവതീ-യുവാക്കൾ 13-വയസിലും 20 വയസുമിടയിലായി വിവാഹത്തെപ്പറ്റിയുള്ള തീരുമാനങ്ങൾ എടുക്കുന്നതായി പഠനങ്ങൾ ചൂണ്ടികാണിക്കുന്നു. ജീവിതപങ്കാളിക്കായുള്ള അന്വേഷണം ആരംഭിക്കുന്നത് 12-15 വയസിനിടയിലാണ്. അതായത് 7-ാം ക്ലാസ്സിനും 10-ാം ക്ലാസ്സിനും ഇടയിൽ പഠിക്കുമ്പോൾ.

ഇതിന്റെ ശരിയും തെറ്റും അവലോകനം ചെയ്യേണ്ടത് വ്യക്തികൾ തന്നെയാണ്. ചെറുപ്രായത്തിൽ എടുക്കേണ്ട ഒരു തീരുമാനമല്ല വിവാഹത്തിന്റെ തീരുമാനം. സാധാരണയായി 8-ലോ 10-ലോ പഠിക്കുന്ന ഒരു പെൺകുട്ടി പ്രണയബന്ധത്തിൽ ഏർപ്പെടുന്നത് തന്റെ ക്ലാസിലോ അല്ലെങ്കിൽ അതിലും ഉയർന്ന നിലവാരത്തിലോ പഠിക്കുന്ന കുട്ടിയുമായിട്ടാണ്. ഇതിന്റെ മാനദണ്ഡം ശാരീരിക ആകർഷണം മാത്രമായിരിക്കും. പലരുടെയും പ്രതികരണം 'കണ്ടപ്പോൾ എനിക്ക് ഇഷ്ടപ്പെട്ടു' എന്നതുമാത്രമാണ്. എന്നാൽ വിവാഹത്തിന്റെ കാഴ്ചപ്പാടിലേക്ക് ചിന്തിക്കുമ്പോൾ കണ്ടിഷ്ടപ്പെട്ടു എന്നതുമാത്രം മതിയോ വിവാഹജീവിതത്തിന്? ഏകദേശം 22-25 വയസിനിടയിലേക്ക് ഇപ്പോഴത്തെ വിവാഹപ്രായം. **10 വർഷം കഴിയുമ്പോൾ ഞാൻ ആരാകും എന്നോ? ഞാൻ പ്രണയിക്കുന്ന വ്യക്തി എവിടെ എന്നോ നമുക്കറിയില്ല. എന്നാൽ എന്റെ ജീവിതത്തെപ്പറ്റി വ്യക്തമായി ധാരണ ദൈവത്തിനുള്ളതിനാൽ എന്റെ ഭാവിയെപറ്റി ദൈവത്തിന് നന്നായി അറിയാം.** അതിനെക്കാൾ ഉപരി എന്റെ ജീവിതപങ്കാളി ആർ ആകണം എന്ന പദ്ധതിയും ദൈവത്തിന്റെ പദ്ധതിയിലുണ്ട്. ദൈവപദ്ധതിക്ക് വിധേയപ്പെടാൻ വിമുഖതയുള്ളവരാണ് സ്വയമായി ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നത് എന്ന് പറയുന്നതിൽ തെറ്റില്ല.

**എല്ലാം നൽകുന്നത് ദൈവം**

ഒരാൾക്ക് വേണ്ട ബുദ്ധി, ആരോഗ്യം, സമൃദ്ധി, എല്ലാം ദൈവമാണ് നൽകുന്നത് എന്ന് നൂറു ശതമാനം സമ്മതിക്കുന്നവരായാലും ജീവിതപങ്കാളിയെ സ്വയം കണ്ടെത്തുന്നത് വിരോധാഭാസമാണ്. എല്ലാ നൽകാൻ കഴിയുന്ന ദൈവത്തിന് എനിക്കുള്ള ജീവിതപങ്കാളിക്കായും കരുതും എന്ന ഉറപ്പാണ് ഹൃദയങ്ങളിൽ ഉണ്ടാകേണ്ടത്. എന്റെ ഭാവി, സ്വഭാവം, ബുദ്ധിശക്തി, എന്റെ ഉയർച്ചകൾ, ബലഹീനതകൾ എല്ലാം നന്നായി അറിയുന്ന ദൈവം ഏറ്റവും യോജിച്ച ജീവിതപങ്കാളിയെ ഒരുക്കും എന്ന ഉറപ്പോടെ കൗമാരപ്രായങ്ങളിലെ പ്രണയവികാരങ്ങൾക്ക് കടിഞ്ഞാണിടണം.

പലയുവജനക്യാമ്പുകളിലും കാണുന്ന കാഴ്ച-ചെറുപ്രായത്തിൽ തന്നെ അവിശ്വാസികളുമായി പ്രണയബന്ധങ്ങൾ സ്ഥാപിക്കുന്ന കൗമാരക്കാരെയും യുവതീ-യുവാക്കളെയും ആണ്. ഒരു പരിധി കഴിഞ്ഞാൽ വേർപിരിക്കുവാനോ വേർപ്പിരിയുവാനോ കഴിയാത്ത കുടുക്കുകളായി ഓരോ ബന്ധങ്ങളും തീരുന്ന കാഴ്ച ദുഃഖകരമാണ്.

**ബന്ധനങ്ങളായി മാറുന്ന പ്രണയകുടുക്കുകൾ**

കഴിഞ്ഞദിവസത്തെ ഒരു ക്യാമ്പിൽ വെച്ച് ഒരു 18-കാരി തന്റെ വിഷമങ്ങളുമായി എന്നെ സമീപിച്ചു. കഴിഞ്ഞ അഞ്ചിലധികം വർഷങ്ങളായി താൻ ഒരു പ്രണയബന്ധത്തിലാണെന്നും, വേർപിരിയാൻ ആഗ്രഹം ഉണ്ടെങ്കിലും കഴിയുന്നില്ല എന്നും തുറന്നുപറഞ്ഞു പഠനസമയത്ത് യാദൃശ്ചികമായി പരിചയപ്പെട്ട 28 വയസ്സുള്ള ഒരു മുസ്ലീം യുവാവാണ് തന്റെ കാമുകൻ എന്നറിഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. വേർപിരിയാനാവാത്ത ബന്ധനമായി ഇത് പിടിമുറുക്കിയിരിക്കുകയാണ് ഇപ്പോൾ. "ഞാൻ വിട്ടുകളഞ്ഞു; എന്നാൽ എന്റെ വിടുന്നില്ല" എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

മാതാപിതാക്കൾ കാണാത്ത മറ്റൊരുമുഖം മക്കൾക്കുണ്ടെന്നത് മറക്കരുത്. ഇന്നത്തെ തലമുറയുടെയും വഴികൾ മനസിലാക്കാനുള്ള ജ്ഞാനവും അറിവും പഴയതലമുറക്കില്ല എന്നതും എടുത്തു പറയത്തക്കതാണ്. ഒപ്പം ആധുനിക മാധ്യമങ്ങൾ നൽകുന്ന സുരക്ഷിതത്വവും പലതിനും മറവാകുന്നുണ്ട്. മൊബൈലാണ് പലയിടത്തും വില്ലനാകുന്നത്.

**മതസൗഹാർദ്ദം വിവാഹത്തിലും**

ഏറ്റവും കൂടുതൽ മതസൗഹാർദ്ദം പ്രകടമാകുന്നത് വിവാഹത്തിലും പ്രണയബന്ധങ്ങളിലുമാണ്. "അവിശ്വാസികളോട് ഇണയില്ലാ പിണ കൂടരുത്" എന്ന പൗലോസിന്റെ നിർദ്ദേശം വിവാഹബന്ധങ്ങളെ ഉദ്ദേശിച്ചാണ്. കർത്താവിനെ അറിയാത്ത വ്യക്തികളുമായുള്ള വിവാഹ-പ്രണയബന്ധങ്ങൾ ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യും. ചിലരുടെ പ്രണയകഥകൾ കേട്ടാൽ ഒരാത്മാവിനെ കൂടെ രക്ഷപ്പെടുത്തുവാനുള്ള ശ്രമമായി പ്രണയങ്ങളെ ചിത്രീകരിക്കാറുണ്ട്. ദയവായി അത്തരം സുവിശേഷവേല ഒഴിവാക്കുന്നതാണ് ഭാവിക്കു നല്ലത്. ദൈവരാജ്യത്തിനും.

വിവാഹം കഴിക്കാൻ വേണ്ടി മതം മാറാനും സ്നാനപ്പെടാനും ഒക്കെ തയ്യാറുള്ള പലരെയും കണ്ടിട്ടുണ്ട്. ഞാൻ ചിന്തിക്കുന്നത് ഒരു യുവതിക്കോ- യുവാവിനോ വേണ്ടി ദൈവത്തെ തള്ളിക്കളയുന്നവർ ഏതു മതക്കാർ (വിശ്വാസക്കാർ) ആണെങ്കിലും അവരെ വിശ്വസിക്കരുത്. ദൈവത്തെ തള്ളിപറയുന്ന ഇത്തരക്കാർ നിങ്ങളെയും തള്ളികളയാം. വിവാഹത്തിലൂടെ ഒരാളെ നിങ്ങൾക്ക് ഒരാളെ രക്ഷപ്പെടുത്താനോ രക്ഷിക്കപ്പെടുത്താനോ കഴിയില്ല എന്നത് മറക്കരുത്; വിവാഹം ഒരു സുവിശേഷീകരണ ഉപാധിയല്ല!

സഹതാപമോ സുവിശേഷീകരണ താല്പര്യമോ വിവാഹജീവിതത്തിനു മാനദണ്ഡമല്ല. ജീവിതത്തിലെ പ്രധാനപ്പെട്ട തീരുമാനമായ 'വിവാഹം' ശ്രദ്ധിച്ചും ആലോചിച്ചും പ്രാർത്ഥിച്ചും സ്വീകരിക്കേണ്ട ഒ

06

**എനിക്കും പറയാനുണ്ട്**

# പാസ്റ്റർ കെ. എ. വർഗീസിന്റെ മരണവും ചില ചിന്തകളും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

### പാസ്റ്റർ കെ. എ. വർഗീസിന്റെ വേർപാട്

കഴിഞ്ഞ ആഴ്ചയിൽ എന്നെ വളരെ വേദനിപ്പിച്ച സംഭവമാണ് പാസ്റ്റർ കെ. എ. വർഗീസിന്റെ വേർപാട്. കുടുംബമായി അവർ സഞ്ചരിച്ച വാഹനം അപകടത്തിൽപെടുകയായിരുന്നു. 44 വയസ്സുള്ള പാസ്റ്റർ കെ. എ. വർഗീസ് തന്റെ ഭാര്യാമാതാവ് എന്നിവർ ആ അപകടത്തിൽ കൊല്ലപ്പെട്ടു. ബിലീവേഴ്സ് ചർച്ചിൽ എന്റെ സഹപ്രവർത്തകനായിരുന്നു പ്രിയ വർഗീസ് പാസ്റ്റർ. വളരെ താഴ്മയും സമർപ്പണവുമുള്ള ഒരു ദൈവഭൃത്യൻ ആയിരുന്നു അദ്ദേഹം. അദ്ദേഹത്തോടൊരുമിച്ച് ശുശ്രൂഷ ചെയ്യുവാനും യാത്രചെയ്യുവാനും ഒക്കെ എനിക്ക് അവസരം പലപ്പോഴും ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് സെക്രട്ടറി എന്ന നിലയിൽ ഞാൻ പ്രവർത്തിച്ചിരുന്ന കാലയളവിലാണ് ഇദ്ദേഹത്തെ കണ്ണൂർ ജില്ലയിലെ ചുമതലയിൽ നിയോഗിക്കുന്നത്. വളരെ ആത്മഭാരമുള്ള ഒരു ദൈവഭൃത്യനാണ് ഇദ്ദേഹമെന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്.

കഴിഞ്ഞ ദിവസം നടന്ന സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തപ്പോഴാണ് തന്റെ സുഹൃത്തുക്കളിൽ നിന്നും വേദനാജനകമായ കാര്യങ്ങൾ മനസ്സിലാക്കുന്നത്. അപകടത്തിൽപെട്ട തന്റെ കുഞ്ഞുങ്ങൾക്കും സഹധർമ്മിണിക്കും തുടർചികിത്സ ആവശ്യമാണ്. ഈ ഭൂമിയിൽ തനിക്ക് സ്വന്തമായി ഒന്നുംതന്നെ ഇല്ല. വീടോ, വസ്തുവോ, ബാങ്ക് ബാലൻസോ ഒന്നും തന്നെ ഇല്ലാത്ത ഈ ദൈവദാസന്റെ കുടുംബത്തെ കുറിച്ച് അറിഞ്ഞപ്പോൾ വലിയ വേദന ഉളവായി. ഇത്തരം സാഹചര്യത്തിലാണ് ദൈവജനത്തിന്റെ സ്നേഹവും കരുതലും ഉണ്ടാകേണ്ടത്. നമ്മുടെ പ്രസംഗവും പ്രവർത്തിയും ഒന്നാണ് എന്ന് തെളിയിക്കുവാൻ ഇതാണ് നല്ല സന്ദർഭം. തന്റെ യൗവനപ്രായത്തിൽ ക്രിസ്തുവിനായി ഓടി നല്ല പ്രായത്തിൽ ഈ ലോകം വിട്ടുപോയ ആ ദൈവദാസന്റെ കുടുംബത്തെ സഹായിക്കുവാനും കൈപിടിച്ചുയർത്തുവാനുമുള്ള കടപ്പാട് പെന്തെക്കോസ്ത് സമൂഹത്തിനുണ്ട്. അവിടെ പ്രസ്ഥാനമോ സംഘടനയോ ഒന്നും വിഷയമാക്കേണ്ട കാര്യമില്ല. ആ കുഞ്ഞുങ്ങൾക്ക് നല്ല ചികിത്സ ലഭിക്കണം. നല്ല പഠനസാഹചര്യങ്ങൾ ഉണ്ടാകണം. അന്തിയുറങ്ങുവാൻ ഒരു ചെറിയ വീടും. ഇത് നൽകുവാൻ നമുക്ക് വലിയ കടപ്പാട് ഉണ്ട്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണാപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമില്ലല്ലോ. നാം മനസ്സുവച്ചാൽ വളരെ നിസ്സാരമായി പരിഹരിക്കാവുന്ന കാര്യമേ ഉള്ളൂ. അതുകൊണ്ട് വിശ്വാസസമൂഹത്തോട് ഈ വിഷയത്തിൽ മുമ്പോട്ടുവരുവാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. വളരെ മിടുക്കരായ മൂന്ന് ആൺകുഞ്ഞുങ്ങളാണ് ഈ ദൈവംദാസനുള്ളത്. ഇവർക്കായി പ്രാർത്ഥിക്കുവാനും സഹായത്തിന്റെ കരം നീട്ടുവാനും കഴിഞ്ഞാൽ അത് ഈ കുടുംബത്തിനു ചെയ്യുന്ന വലിയ സഹായമാകും.

ഈ ദിവസങ്ങളിലെല്ലാം കേൾക്കുന്നത് അപകട മരണവാർത്തകളാണ്. പ്രത്യേകിച്ച് വിശ്വാസികളുടെയും ദൈവദാസന്മാരുടെയും അപകടങ്ങൾ വളരെ വേദനിപ്പിക്കുകയാണ്. ശക്തമായ പ്രാർത്ഥന ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടമാണിത് എന്നതിന് യാതൊരു സംശയവുമില്ല.

എനിക്ക് ദുഃഖകരമായി തോന്നുന്ന ഒരു വസ്തുത അനാഥരോടും വിധവമാരോടുമുള്ള നമ്മുടെ മനോഭാവമാണ്. ശുശ്രൂഷയിൽ ആയിരിക്കെ മരണമടഞ്ഞ ധാരാളം ദൈവദാസന്മാരുടെ കുടുംബത്തെക്കുറിച്ച് കേൾക്കാറുണ്ട്. ഒരായുസ്സ് മുഴുവനും കർത്താവിന്റെ വേല ചെയ്ത് നിത്യതയിൽ പോയവരുടെ കുടുംബത്തെ തിരിഞ്ഞുനോക്കാത്ത ഒരു സമൂഹമാണ് നമ്മുടേത്. ചുരുക്കം ചിലർക്കുമാത്രം ശ്രദ്ധകിട്ടാറുണ്ട് എന്നത് മറക്കുന്നില്ല. എന്നാൽ കയറികിടക്കുവാൻ ഭവനം പോലുമില്ലാതെയും മക്കളുടെ വിദ്യാഭ്യാസം നടത്തുവാൻ കഴിയാതെയും ആയിരിക്കുന്ന ധാരാളം കുടുംബങ്ങളുടെ കദനകഥകൾ കേൾക്കാറുണ്ട്.

സഭാതെരഞ്ഞെടുപ്പിനുവേണ്ടി മുടക്കുന്ന തുക ഉണ്ടെങ്കിൽ നൂറുകണക്കിന് ഇത്തരം കുടുംബങ്ങളെ ആശ്വസിപ്പിക്കുവാൻ കഴിയും. ഇരുപതും മുപ്പതും നാല്പതും ലക്ഷങ്ങൾ മുടക്കിയാണ് നമ്മുടെ പല ആത്മീയരും സഭയുടെ എക്സിക്യൂട്ടീവ് പോസ്റ്റുകളിൽ എത്താറുള്ളത് എന്നത് പരസ്യമായ രഹസ്യമാണ്. സ്റ്റേജുകളിൽ അലറിവിളിക്കുകയും വേഷപകർച്ചയോടെ ആടുകയും ചെയ്യുന്ന കപട ആത്മീയരുടെ കൂത്തരങ്ങാണ് ഇന്ന് പെന്തെക്കോസ്ത്. വെറും പ്രകടനങ്ങളിലാശ്രയിക്കുന്ന കൂട്ടരായി മാറുകയും സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യുക മാത്രമാണ് പെന്തെക്കോസ്ത് എന്ന ചിത്രം ആണ് സമൂഹത്തിന് ലഭിക്കുന്നത്. നിരാലംബരായ ആളുകളെ സംരക്ഷിക്കുന്നതിനോ അവരെ സമൂഹത്തിന്റെ ഭാഗമായി ഉൾക്കൊള്ളുന്നതിനോ നമുക്ക് കഴിയുന്നില്ല എന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കേണ്ട കടമ സഭയ്ക്കുള്ളതാണ്. അത് ആദ്യമ സഭ നന്നായി ചെയ്തുവന്നിരുന്നു. കേരളത്തിലെ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ ജീവകാരുണ്യ പ്രവർത്തനരംഗത്ത് സജീവമല്ല. എന്തിനും ഏതിനും വിദേശസഭകളെ ആശ്രയിക്കുന്ന രീതിയാണ് ഇവിടെ നിലനിൽക്കുന്നത്. എന്നാൽ വിദേശത്തുള്ളവരേക്കാൾ കോടീശ്വരന്മാരായ വിശ്വാസികൾ കേരളത്തിലാണ് കൂടുതൽ ഉള്ളത്. നമ്മുടെ വിശ്വാസികളും ശുശ്രൂഷകരും മനസ്സും പേഴ്സും തുറന്നാൽ ഭാരതീയ സുവിശേഷീകരണത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആവശ്യമായ പണം കണ്ടെത്തുന്നതിന് യാതൊരു പ്രയാസവും ഉണ്ടാകുകയില്ല.

നാല്പത്തിനാലാം വയസ്സിൽ നിത്യതയിലേക്ക് പോയ ഈ ദൈവഭൃത്യന്റെ കുടുംബം പുലരുവാൻ ആവശ്യമുള്ളത് നൽകേണ്ട കടമയും കടപ്പാടും ഇവിടെയുള്ള ദൈവജനത്തിനുണ്ട്. ഇതിനെക്കുറിച്ച് വിശദമായ കുറിപ്പ് അഞ്ചാം പേജിൽ പ്രസിദ്ധീകരിക്കുന്നു. ദൈവജനം ദയവായി സഹകരിക്കണമേ അഭ്യർത്ഥിക്കുന്നു.

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**–തുടർച്ച–**

**തിമൊഥെയൊസ് ലേഖനം**

യഥാർത്ഥത്തിൽ ഇത് കൃത്രിമവും സത്താരഹിതവുമായ വിഭജനമായിരുന്നു. ബ്രാഹ്മണാധികാരത്തെയും വൈദികാധിപത്യത്തെയും അതിന്റെ യാഗസംസ്കാരത്തെയും ചോദ്യം ചെയ്തവരെ ചാർവാകരും ബൗദ്ധരും ലോകായതരുമൊക്കെയാക്കി ആധിപത്യശക്തികൾ വേട്ടയാടുകയാണ് ചെയ്തത്. ഇന്ത്യയുടെ പൗരാണിക ദർശനങ്ങളിൽ ആദ്യത്തേതെന്ന് വിശേഷിപ്പിക്കാവുന്ന ലേകായതം (ചാർവാകദർശനം) യഥാർത്ഥത്തിൽ ഭൗതികവാദത്തിൽ അധിഷ്ഠിതമായിരുന്നു. പ്രാചീന ഭാരതത്തിലെ ആസ്തിക ദർശനങ്ങളായി ആർഷസംസ്കാരികവാദികളായ ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ ഉയർത്തിക്കാട്ടുന്ന ഷഡ്ദർശനങ്ങളിൽ വേദാന്തം മാത്രമാണ് പൂർണമായും ആത്മീയവാദവും ആസ്തികവുമെന്നു പറയാവുന്ന ഒരേയൊരു ദർശനപദ്ധതി. യഥാർത്ഥത്തിൽ ഹിന്ദുത്വവാദികളോളം നീളുന്ന ഇന്ത്യൻ പാരമ്പര്യ ആത്മീയവാദികൾ വേദാന്തദർശനത്തിലെ ആത്മീയതയെ മറ്റെല്ലാ ദർശനങ്ങളിലും വാരിവിതറി ഇന്ത്യൻ ദർശനങ്ങളെയാകെ പ്രതിലോമകരമാക്കി തങ്ങളുടെ സങ്കുചിതതാൽപ്പര്യങ്ങൾക്ക് അനുസൃതമായ രീതിയിൽ അവതരിപ്പിക്കുകയാണ് ചെയ്തത്.

വേദാന്തത്തിലെ ആത്മീയത ഇന്ത്യൻ ദർശനങ്ങളിലാകെ ആരോപിച്ച് നമ്മുടെ പൗരാണിക ദർശനങ്ങളുടെ സാരസർവസ്വം ആത്മീയതയാണെന്ന് വരുത്തിതീർക്കുകയായിരുന്നു. സാംഖ്യവും അതിന്റെ ഉപജ്ഞാതാവായി കണക്കാക്കപ്പെടുന്ന കണാദനും ഈ പ്രപഞ്ചത്തെ ഭൗതികവാദ അടിസ്ഥാനത്തിൽ വിശദീകരിക്കാനാണ് ശ്രമിച്ചത്. ഈ പ്രപഞ്ചത്തിന്റെ ഉൾപ്പത്തിയുടെ കാരണം ദ്രവ്യമാണോ മനസ്സാണോ എന്നതാണല്ലോ ദർശനത്തിലെ അടിസ്ഥാന സമസ്യ. പുരാതനഭാരതത്തിലെ ആദിസാംഖ്യം പ്രകൃതിയാണ് അല്ലെങ്കിൽ ദ്രവ്യമാണ് പ്രഥമമെന്ന് ഉത്തരം നൽകി. വൈശേഷിക ദർശനത്തിന്റെ പ്രണേതാവായി കണക്കാക്കുന്ന കാണാദൻ പ്രപഞ്ചത്തിന്റെ മൂലകാരണം പരമാണുക്കളാണെന്നാണ് സിദ്ധാന്തിച്ചത്. യോഗദർശനമാകട്ടെ, സാംഖ്യദർശനത്തോടാണ് അടുപ്പം കാണിക്കുന്നത്. ഇന്ത്യയുടെ ഷഡ്ദർശനമാകട്ടെ, സാംഖ്യദർശനത്തോടാണ് അടുപ്പം കാണിക്കുന്നത്. ഇന്ത്യയുടെ ഷഡ്ദർശനങ്ങളിൽ ഒന്നായി അവതരിപ്പിക്കുമ്പോഴും സാംഖ്യത്തിലെ ദർശന തത്വങ്ങൾക്ക് അനുയോജ്യമായ ഒരഭ്യാസക്രമം മാത്രമാണ് യോഗ പരിഗണണിക്കപ്പെട്ടുപോന്നത്. ഒരു സുവിശേഷ ദർശനവും വ്യായാമമുറയുമായി യോഗയെ പിൽക്കാലത്ത് മാറ്റിയെടുത്തത് ഓറിയന്റലിസ്റ്റുകളായ പുനരുത്ഥാനവാദികളാണ്.



ഇതിൽ നിന്ന് വ്യത്യസ്തമായ വീക്ഷണത്തോടെ ആത്മജ്ഞാനത്തിനുള്ള മാർഗമായി യോഗയെ ഏറ്റെടുത്ത് പ്രചരിപ്പിച്ചത് ബുദ്ധമതമാണ്. ബുദ്ധമതത്തിന്റെ തകർച്ചയ്ക്കുശേഷമാണ് ഇന്ന് ഹിന്ദുമതം എന്ന് പറയപ്പെടുന്ന സനാതനമതം യോഗയെ അതിന്റെ ഷഡ്ദർശനങ്ങളിൽ ഒന്നായി അംഗീകരിച്ചത്. വേദം ഉപനിഷത്തുകളും ബ്രാഹ്മണ്യവുമായി വേർപിരിഞ്ഞപ്പോൾ യോഗയും വ്യത്യസ്തമായ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ വേദത്തെ മന്ത്രോച്ചാരണമാക്കിയ ബ്രാഹ്മണ്യം യോഗയെ മതാചാരണമാക്കി പരിമിതപ്പെടുത്തി. ഇന്നിപ്പോൾ യോഗയെ അന്തരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുമ്പോൾ പുരോഗമനവാദികൾ അത്യന്തം പ്രത്യയശാസ്ത്ര ജാഗ്രതയോടെ ഇതിനെ സമീപിക്കേണ്ടതുണ്ട്. ബ്രാഹ്മണ്യത്തിനെതിരെ കലഹിച്ചാണ് ബുദ്ധൻ ഭാരതീയ പാരമ്പര്യത്തിന്റെ ധനാത്മകമായ വശങ്ങളെ പ്രചരിപ്പിച്ചത്. ബ്രാഹ്മണ്യം മതാചാരമാക്കിയ യോഗ ഇന്ത്യയിലെ ഒരു ചെറുവിഭാഗത്തിന്റെ ആത്മീയതലത്തിലുള്ള ഒരാചാരക്രമമാണ് ദീർഘക്കാലം നിലനിന്നത്. 19-ാം നൂറ്റാണ്ടിലന്റെ അവസാനത്തോടെ സ്വാമി വിവേകാനന്ദൻ യുവാക്കളെ ഉത്തേജിപ്പിക്കാനായി വ്യായാമമുറയുടെ സന്ദേശം പരത്തിയതോടെ യോഗ പുനരുജ്ജീവിപ്പിക്കപ്പെടുകയും അതിന്റെ ആത്മീയതലത്തിനപ്പുറത്ത് ഭൗതീകമായ ഉള്ളടക്കത്തോടെ പരിചയപ്പെടുത്തപ്പെടുകയും ചെയ്തു.

(കടപ്പാട്- യോഗ: ചരിത്രവും ദർശനവും, കെ. ടി. കുഞ്ഞിക്കണ്ണൻ 2016 ജൂൺ 24 വെള്ളി ദേശാഭിമാനി)

യോഗയിലെ ആസനങ്ങൾ അഥവാ ശാരീരിക വ്യായാമമുറകൾ ഹിന്ദുമതത്തിലെ വിശ്വാസങ്ങളുമായി ബന്ധപ്പെട്ടതാണ്. അതീന്ദ്രിയവും ഗുപ്തവുമായ ആത്മീയ അനുഭവങ്ങളുമായി അതിന് ബന്ധമുണ്ട്. വ്യായാമത്തിനു വേണ്ടി മാത്രം യോഗ ചെയ്യുന്നവർ അവരുടെ മനസ്സിനെയും മന:സാക്ഷിയേയും ക്രൈസ്തവമല്ലാത്തതും പൗരസ്ത്യജാതീയ വിശ്വാസങ്ങളിലേക്കും ചിന്തകളിലേക്കും നയിക്കുകയാണ് നമ്മുടെ ശരീരത്തിലെ എട്ടു അവയവങ്ങളെയും ബന്ധിപ്പിച്ചുള്ള അഷ്ടാംഗ യോഗയാണ് രാജയോഗാ. മാനസികമായും ആത്മീകവുമായി നമ്മുടെ ശരീരത്തേയും മന:സാക്ഷിയേയും രൂപപ്പെടുത്തു ന്ന പ്രക്രിയയിലൂടെ ഓരോ ദിവസവും കടന്നു പോകുകയും ശരീരത്തിലെ ഇപ്പോഴത്തെ നാഡീഞരമ്പുകളുടെ ഒഴുക്കിനെ മാറ്റി പുതിയ രീതിയിലാക്കുന്നു. ശരീരത്തിൽ പുതിയ തരംഗങ്ങൾ ഉണ്ടാക്കി അതിന്റെ ഘടനയെത്തന്നേ വ്യത്യാസപ്പെടുത്തുന്നു.

സർവ്വ ശ്രീ രവി സങ്കർ യോഗാ ഒരു ആയോധനകലയാണെന്ന് തുടരെ പറയുന്നുണ്ട് അദ്ദേഹംത്തിന്റെ അഭിപ്രായം യോഗ വെറും ശാരീരിക വ്യായാമങ്ങളോ ആസനങ്ങളോ മാത്രമല്ല, അതു ശരീരം, മനസ്സ്, ആത്മാവ്, പ്രപഞ്ചം എന്നിവയെ സംയോജിപ്പിക്കുകയാണ് ചെയ്യുന്നത്. അത് ഒരു വ്യക്തിയുടെ പെരുമാറ്റത്തിലും ചിന്താരീതിയിലും നിലപാടിലും വലിയ വ്യത്യാസമുണ്ടാക്കുന്നു. ഏറെകുറെ ഒഴിച്ചുക്കൂടാൻ പറ്റാത്തതാണ് യോഗ എന്ന് ഞാൻ പറയും.

യോഗയിലെ സൂര്യനമസ്കാരമാണല്ലോ പ്രധാനവിഷയം, ഹൈന്ദവ ഇതിഹാസങ്ങളിലും പുരാണങ്ങളിലും സൂര്യന് ദേവസ്ഥാനമാണ് നൽകിയിരിക്കുന്നത്. മഹാഭാരതത്തിലെ പ്രജാപതിയുടെ പുത്രനാണ് സൂര്യൻ, ഏഴു വെള്ളകുതിരകൾ വലിക്കുന്ന എഴുപതിനായിരം യോജന നീളമുള്ള ഒരു രഥത്തിൽ കിഴക്കു നിന്നും പടിഞ്ഞാറേക്കു നിത്യവും സൂര്യൻ എഴുന്നെള്ളതായി പ്രതിപാദിക്കുന്നു. അറിവിന്റെയും ആരോഗ്യത്തിന്റെയും ദേവസ്ഥാനത്താണ് സൂര്യനെ ആരാധിക്കേണ്ടത്, വേദങ്ങളിലും പുരാണങ്ങളിലും സൂര്യപ്രീതിക്കായുള്ള മന്ത്രങ്ങളും സ്ത്രോത്രങ്ങളും അതിലുണ്ട്. ഇവിടെ സൂര്യനെ പരമാർത്ഥവുമായ ഈശ്വരനായിട്ടാണ് കണക്കാക്കപ്പെടുന്നത്. സൂര്യന്റെ ദ്രവ്യവും ശ്രേഷ്ഠവുമായ തേജസ്സിനെ ധ്യാനിക്കുന്നതാണ് സൂര്യനമസ്ക്കാരം. **(തുടരും....)**

## ലേഖനം

# ശീമോനെ, നീ ഉറങ്ങുന്നുവോ?



ഷൈജു ഡാനിയേൽ,
അടൂർ

ഉണർന്നിരിക്കുവാൻ ദൈവം നമ്മോടാവശ്യപ്പെടുന്ന ഇടങ്ങളിൽ നാം ഉറങ്ങുന്നത് വലിയ ദുരന്തങ്ങളിലേക്കു ചിലയവസരങ്ങളിൽ നമ്മെ നയിക്കാറുണ്ട്. നമ്മുടെ വിഷയങ്ങളോടുള്ള പ്രതികരണ സ്വഭാവവും കാര്യങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിലെ പരിചയകുറവും ഒക്കെ നമ്മെക്കാൾ നന്നായി ദൈവത്തിനറിയാം. അതുകൊണ്ട് നാം നേരിടുന്ന പ്രശ്നങ്ങളിൽ ഒരാത്മീകനെ പോലെ പ്രതികരിക്കുവാൻ നമ്മെ ഒരുക്കിയെടുക്കാറുണ്ട്!! ദൈവം നമ്മോടു ആവശ്യപ്പെടുന്നതിനെല്ലാം പിറകിൽ നമുക്കുടനെ മനസ്സിലാകാത്ത ഒട്ടനവധി ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. അതുകൊണ്ടു തന്നെ ദൈവീക ആഹ്വാനങ്ങൾ ചോദ്യം ചെയ്യാതെ അനുസരിക്കുക മാത്രമാണ് ഒരു ക്രിസ്തുഭക്തന് ചെയ്യുവാൻ കഴിയുന്നത്!!.

ഗദ്ശമേനയിൽ വച്ച് അർധരാത്രി കഴിഞ്ഞ സമയം യേശു തന്റെ ഏറ്റവും അടുത്ത ശിഷ്യനായിരുന്ന പത്രോസിനോട് ചോദിച്ച ഒരു ചോദ്യമാണ് ശീമോനെ, നീ ഉറങ്ങുന്നുവോ? ശീമോനോടൊപ്പം രണ്ടു ശിഷ്യന്മാർ കൂടി ഉറങ്ങുന്നുണ്ട് എങ്കിലും ശീമോനോട് മാത്രം എന്തുകൊണ്ട് പേരെടുത്തു ചോദിച്ചു? അൽപ്പം മുൻപ് ഗദ്ശമേനയിലേക്ക് ശിഷ്യന്മാരൊടൊരുമിച്ചു യേശു പ്രവേശിക്കുന്ന സമയം "നിങ്ങൾ എല്ലാവരും ഇടറിപ്പോകും; "ഞാൻ ഇടയനെ വെട്ടും, ആടുകൾ ചിതറിപ്പോകും" എന്ന പഴയനിയമ ഉദ്ധരണി അവരോടു പ്രസ്താവിക്കുമ്പോൾ പത്രോസ് അവനോട്: എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല എന്നു പറഞ്ഞു. "ഞാൻ ഇടറുകയില്ല" എന്ന് താൻ പറയുമ്പോൾ- പത്രോസിന്റെ ഉള്ളിലെ ചിന്ത ഇതായിരുന്നിരിക്കണം- "മറ്റു പതിനൊന്നു ആടുകളെ പോലെ അല്ല ഞാൻ എന്നും ആ ആടുകൾ ഒക്കെ ഇടറിമാറിയാലും കുറഞ്ഞപക്ഷം എന്റെ കയ്യിൽ സൂക്ഷിക്കുന്ന വാളുകൊണ്ട് ഞാൻ നിനക്ക് പ്രതിരോധം തീർക്കുകയും നിന്നെ രക്ഷിക്കുകയും ചെയ്യും" പിന്നീട് "ഇന്നു, ഈ രാത്രിയിൽ തന്നെ, കോഴി രണ്ടുവട്ടം കൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും" എന്ന് യേശു പറയുമ്പോൾ നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല എന്ന ശീമോന്റെ വാക്കുകളും യേശു മനസ്സിൽ സൂക്ഷിച്ചിരുന്നു.

ഇത്തരത്തിൽ വൻകാര്യങ്ങളെ പ്രസ്താവിച്ച ശീമോന്റെ ഉറക്കം യേശു ശ്രദ്ധയോടെ നിരീക്ഷിച്ചു!! തീവ്ര ആത്മീകതയിൽ നാം നടത്തുന്ന അവകാശവാദങ്ങൾ ഗദ്ശമനേയിലെ കഷ്ടാനുഭവങ്ങളിൽ സൂക്ഷിക്കപ്പെടുന്നുണ്ടോ എന്നത് വളരെ ഗൗരവകരമായ കാര്യമാണ്!! പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ എന്നാണു യേശുവിന്റെ ശീമോനുള്ള ആഹ്വാനം- കാരണം എന്ത്? ഇപ്പോൾ പ്രാർത്ഥിച്ചില്ലെങ്കിൽ നീ മുൻപ് തീവ്ര ആത്മീകതയിൽ നടത്തിയ പ്രസ്താവനകളെ പ്രായോഗികതലത്തിൽ എത്തിക്കാൻ നിനക്കാകില്ല!! നീ പരീക്ഷിക്കപ്പെടും - അവിടെ ആ പരീക്ഷയിൽ അകപ്പെടാതെ ഇരിക്കുവാൻ ഇപ്പോൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുക!! പക്ഷെ ശീമോൻ പ്രാർത്ഥനയിൽ പരാജയപ്പെട്ടു - വീണ്ടും അവൻ ഉറങ്ങി!! പെട്ടെന്ന് വലിയ പുരുഷാരത്തിന്റെ ബഹളം കേട്ട് ഉറക്കത്തിൽ നിന്നും ചാടി എഴുന്നേറ്റ ശീമോന്റെ കൈകൾ ചലിച്ചതു അവന്റെ വാളിലേക്കായിരുന്നു!! വാൾ വലിച്ചൂരി മഹാപുരോഹിതന്റെ ദാസനെ വെട്ടി കാത് അറുത്ത് നിലത്തിടുമ്പോൾ "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" എന്ന യേശുവിന്റെ ആഹ്വാനം അവന്റെ ചെവിയിൽ മുഴങ്ങിക്കാണും!!. പ്രാർത്ഥന കൊണ്ട് മറികടക്കാൻ കഴിയാഞ്ഞതിനെ വാളുകൊണ്ട് പരിഹരിക്കാനുള്ള ശീമോന്റെ ശ്രമം. പരീക്ഷയെ ജയിക്കുവാനുള്ള പ്രാർത്ഥനാ സമയങ്ങളിൽ നാം ഉറങ്ങിപ്പോയാൽ പിന്നീട് പരീക്ഷയെ നേരിടാൻ വാളുകൾ വലിച്ചൂരാൻ സാധ്യതയുണ്ട്!! പ്രാർത്ഥനയിൽ സംഭവിച്ച പരാജയം വാളുകൊണ്ട് പരിഹരിക്കാനുള്ള പത്രോസിന്റെ ശ്രമം!! ഗദ്ശമനേയിൽ ഉറങ്ങുന്നവന്റെ വാളുകൾ (ജഡീക ആയുധങ്ങൾ) പ്രതിസന്ധികളിൽ ഉണരും... ഗദ്ശമനയിൽ ഉണർന്നിരിക്കുന്നവന്റെ വാളുകൾ പ്രശ്നമുഖരിതമായ ഘട്ടങ്ങളിലും നിശ്ചലമാകും- കാരണം നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങൾ അല്ല!!.

വൈകാരികമായ പ്രകടനങ്ങൾ അവസാനിപ്പിച്ചു കാര്യക്ഷമമായി വസ്തുതകളോട് പ്രതികരിക്കാൻ കഴിയണമെങ്കിൽ പ്രാർത്ഥനാ നിരതമായിരിക്കണം നമ്മുടെ ജീവിതം. പരീക്ഷയിൽ അകപ്പെടാതെ ഉണർന്നിരുന്നു പ്രവർത്തിക്കുവാനുള്ള സമയങ്ങൾ നാം അലസമാക്കിയിട്ട് ഒടുവിൽ നാം നടത്തുന്ന വാൾ പ്രയോഗങ്ങൾ നമ്മുടെ നിരീക്ഷണത്തിൽ നന്നായിരിക്കുന്നു എന്ന് തോന്നിയാലും യേശുവിന്റെ താക്കീതു - വാൾ ഉറയിൽ ഇടുക എന്നത് മാത്രമായിരിക്കും!!. ശുശ്രൂഷാമേഖലകളിൽ തിരക്കുകൾ വർദ്ധിക്കുമ്പോൾ പരീക്ഷകളും അതിനാനുപാതികമായി വർദ്ധിക്കുകയാണ്. അവിടെ യഥാർത്ഥ ശിഷ്യത്വത്തിന്റെ പക്വതയും ആത്മീകന്റെ പ്രതികരണവും ഭക്തന്റെ നിലപാടുകളും നാം സ്വീകരിക്കേണ്ടതുണ്ട്- പക്ഷെ അത് സാധ്യമാകുന്നത് പ്രാർത്ഥനയാൽ മാത്രം!!

## ഒഡീഷ സ്റ്റേറ്റ് പി. വൈ. പി. എ ക്യാമ്പ്



**ഒഡീഷ:** ഐ. പി. സി. ഒഡീഷ സ്റ്റേറ്റ് പി. വൈ. പി. എ, സോദരിസമാജം ക്യാമ്പ് നടത്തി. 2016 ഒക്ടോബർ 13, 14 എന്നീ തീയതികളിൽ ഗോപാൽപൂർ വില്യം കേറി റിട്രീറ്റ് സെന്ററിൽ നടത്തിയ ക്യാമ്പ് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വൈ. ഇ. സാമുവേൽ ഉദ്ഘാടനം ചെയ്തു. മുഖ്യാഥിതി പാസ്റ്റർ കേശവൻ കുട്ടി (വിശാഖപട്ടണം) പ്രസംഗിച്ചു.

യുവജനങ്ങളുടെയും സഹോദരിമാരുടെയും വിവിധയിനം പരിപാടികൾ ക്യാമ്പിൽ അവതരിപ്പിച്ചു. പാസ്റ്റർമാരായ ഗിദയോൻ താണ്ടി, ലിംഗരാജ് ഡിഗാൾ, സെർബോ കുമാർ ബിസോയ്, രാജേന്ദ്രനായക്, സന്തോഷ് മാജി, മൃദൽജയ ഡിഗാൾ, തോമസ് സാമുവേൽ, സോദരി സമാജം പ്രസിഡന്റ് സിസ്റ്റർ ഷീബ ഷാജി, ജനറൽ പ്രയർ കോ-ഓർഡിനേറ്റർ, സിസ്റ്റർ ലില്ലിക്കുട്ടി സാമുവേൽ. ട്രഷറർ സിസ്റ്റർ ചന്ദന കുമാരി നായക് എന്നിവർ പ്രസംഗിച്ചു.

സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷാജി സേവ്യർ അദ്ധ്യക്ഷത വഹിച്ചു. പി. വൈ. പി. എ സെക്രട്ടറി ബ്രദർ അനിമോൻ തങ്കച്ചൻ സ്വാഗതം പറയുകയും ജോയിന്റ് സെക്രട്ടറി പാസ്റ്റർ ബിധാൻ ചന്ദ്രഹാത്തി നന്ദിയും അർപ്പിച്ചു.

## പാസ്റ്റർ ജോബിൻ കെ. ജോൺ
### ബിലീവേഴ്സ് ജേണൽ മലബാർ കോർഡിനേറ്റർ



പി. വൈ. പി. എ. വയനാട് സോണൽ പ്രസിഡന്റും ഐ. പി. സി. താബോർ തോമാട്ടുചാൽ സഭാശുശ്രൂഷകനുമായ പാസ്റ്റർ ജോബിൻ കെ. ജോൺ ബിലീവേഴ്സ് ജേണൽ മലബാർ കോർഡിനേറ്ററായി നിയമിതനായി. വരിസംഖ്യ അടയ്ക്കുന്നതിനും വാർത്തകളും പരസ്യങ്ങളും നൽകുന്നതിനും മലബാറിൽ പ്രതിനിധികളായി പ്രവർത്തിക്കുവാൻ താല്പര്യപ്പെടുന്നവരും ഇദ്ദേഹവുമായി ബന്ധപ്പെടുക. **ഫോൺ: 9446784975**

## ഐ. പി. സി കൺവൻഷൻ സ്റ്റേജ് ശിലാസ്ഥാപനം നടത്തി



**കുമ്പനാട്:** ഹെബ്രോൻപുരത്ത് പുതിയതായി നിർമ്മിക്കുന്ന വിശാലമായ കൺവൻഷൻ സ്റ്റേജിന്റെ ശിലാസ്ഥാപനം ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവ്വഹിച്ചു. പാസ്റ്റേഴ്സ് കെ. സി. ജോൺ, വിൽസൺ ജോസഫ്, രാജു പൂവക്കാല, സി. സി. എബ്രഹാം, സഹോദരന്മാരായ സജി പോൾ, റോയി കുറിയന്നൂർ, കെ. റ്റി. ജോഷ്വാ, എം. വി. ഫിലിപ്പ്, പീറ്റർ മാത്യു, വർക്കി എബ്രഹാം, പാസ്റ്റർ വർഗ്ഗീസ് മാത്യു, ബ്രദർ എൻ. സി. ബാബു എന്നിവർ സമീപം

## യൂത്ത് കോൺഫറൻസ്



റവ. ക്രിസ്റ്റി ജോൺ



റവ.സാം നായർ

**ഡബ്ലിൻ (അയർലന്റ്):** ഐജി എം-ന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന യൂത്ത് കോൺഫറൻസ് **'ഫ്ളെയർ'** നവംബർ 4 നും 5 നും ഡബ്ലിൻ സോളിഡ് റോക്ക് ചർച്ച് ഓഫ് ഗോഡിൽ നടക്കും. വെള്ളിയാഴ്ച രാവിലെ 9:30 മുതൽ ശനിയാഴ്ച രാത്രി 7:30 വരെ നടക്കുന്ന കോൺഫറൻസിന്റെ തീം 'റീവൈവ് യുവർ മൈൻഡ് 'എന്നതായിരിക്കും. പ്രമുഖ യുവജന പ്രഭാഷകരായ റവ.സാം നായർ, റവ. ക്രിസ്റ്റി ജോൺ എന്നിവർ ക്ലാസുകൾ നയിക്കും. പാസ്റ്റർ ബിനിൽ, ബൈജു, ഷാരൺ എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകുന്നു.

## കല്ലുകടി

## അടയാളം കാണിച്ച് പുറത്തുപോകുന്നവർ

പണ്ടൊക്കെ ഭൂതത്തെ പുറത്താക്കുമ്പോൾ അടയാളം കാണിച്ചിട്ട് പോയാൽ മതിയെന്ന് ചില ശുശ്രൂഷകർ ഭൂതത്തോട് പറയുമായിരുന്നു. അങ്ങനെ ചില അടയാളങ്ങൾ കാണിച്ച് ഭൂതം പോകുകയും ചെയ്യുമായിരുന്നു. ഈ അടുത്ത കാലത്ത് വിട്ടുപോകാതെ നിന്ന ഒരു നേതാവ് നിവർത്തിയില്ലാതെ താമസസ്ഥലം വിട്ടു പോകേണ്ടി വന്നു. ദൈവാശ്രയം ഒക്കെ പ്രസംഗിക്കുമായിരുന്നെങ്കിലും കോടതിയിൽ പ്രതീക്ഷ അർപ്പിച്ചും സമ്മർദ്ദത്തിലൂടെ എന്തെങ്കിലും പോസ്റ്റ് ഒപ്പിക്കാമെന്ന കണക്കുകൂട്ടലിലും കഴിഞ്ഞുകൂടിയ ആ മാന്യദേഹം ഒടുവിൽ വിട്ടുപോയപ്പോൾ ബംഗ്ലാവിൽ ചില അടയാളങ്ങൾ ശേഷിപ്പിച്ചാണ് കടന്നുപോയത്. മറവികൊണ്ട് സംഭവിച്ചതാണെങ്കിലും ചില യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുവാനുള്ള ദൈവത്തിന്റെ പദ്ധതികൂടിയായിരുന്നു അത്. മാന്യത, ആത്മീയത, താഴ്മ ഇതിന്റെയെല്ലാം വിളഭൂമിയായി ശോഭിച്ചിരുന്ന മുൻഭരണാധികാരിയുടെ മുഖംമൂടി അഴിഞ്ഞുമാറുന്നതായിരുന്നു ശേഷിപ്പിച്ച അടയാളം.

സഭാതെരഞ്ഞെടുപ്പ് സമയത്ത് (ഇപ്പോൾ ഭരണത്തിലുള്ള നേതാവിനെതിരെ) ഊമക്കത്തുകളുടെ പ്രളയമായിരുന്നു ഉണ്ടായത്. അന്നുതന്നെ ഇതിന്റെ പ്രഭവകേന്ദ്രം സഭാആസ്ഥാനമായിരുന്നു എന്ന് പലരും പറഞ്ഞിരുന്നു. ഭരണം പോയ നേതാവാണ് പിന്നിലെന്നും അന്നേ സംശയമുണ്ടായിരുന്നു. നേതാവ് ഒരു കാളവണ്ടിക്കുള്ള സാധനമേ എനിക്കു കൊണ്ടുപോകുവാൻ കാണൂ എന്ന് മുമ്പൊക്കെ പറയുമായിരുന്നെങ്കിലും പാണ്ടിലോറിക്ക് കൊണ്ടുപോകേണ്ടി വന്നു. അറിഞ്ഞോ അറിയാതെയോ ഊമക്കത്തിന്റെ ഒരു ശേഷിപ്പ് പോസ്റ്റ് ചെയ്തതിന്റെ ബാക്കിയുള്ളത് കെട്ടിവെച്ചിരുന്നത് കൊണ്ടുപോകുവാൻ മറന്നുപോയി. ബംഗ്ലാവ് ക്ലീൻ ചെയ്യുവാൻ എത്തിയവർ ഇത് കണ്ട് അമ്പരന്നു. അങ്ങനെ ക്രിസ്തുവിന്റെ ഭാവമുള്ള മാന്യന്റെ മറ്റൊരു മുഖംമൂടി എല്ലാവർക്കും ബോധ്യമായി. അടയാളം കാണിച്ച് പോകുമെന്ന് കേട്ടത് യാഥാർത്ഥ്യവുമായി.

**അടിക്കുറിപ്പ്:** സകലതും ദർശിക്കുന്നവന്റെ മുമ്പിൽ ആണെന്ന് അറിയാഞ്ഞത് കക്ഷിക്ക് വിനയായി.



# എളിമയുടെ പ്രതീകമായിരുന്ന പാസ്റ്റർ കെ. എ. വർഗീസ്



ഈക്കഴിഞ്ഞ ദിവസങ്ങളിലെ ഭൂരിപക്ഷം രാത്രികളിലും പാസ്റ്റർ കെ. എ. വർഗീസ് സുവിശേഷകൻ സാമിനെയും കൂട്ടി രാത്രി വൈകിയും യാത്ര ചെയ്തിരുന്നത് എ.റ്റി.എം., ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവയിലേക്കായിരുന്നു. അതൊരു അന്വേഷണ യാത്രയായിരുന്നു. രാത്രിയുടെ മറവിൽ ബാങ്കുകളുടെയും സ്ഥാപനങ്ങളുടെയും സംരക്ഷകരായി ഉറക്കവും ജീവനും പണയം വെച്ച് പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ അടുത്തേക്ക്. ഇരുട്ടിന്റെ മറവിൽ അന്നം തേടുന്നവരെ തിരഞ്ഞുരക്ഷിപ്പാനുള്ള യാത്ര. സുവിശേഷപ്രതികളും ലഘുലേഖകളും തന്റെ മാസികയും നൽകി ഒപ്പം ദൈവവചനവും പകർന്നുള്ള യാത്രകൾ.




അപകടം നടന്ന സ്ഥലത്ത് ചിതറികിടക്കുന്ന മാസികകൾ

എന്നാൽ ഒക്ടോബർ 12-ാംതീയതി കട്ടപ്പനയിലെ പഴയകാല സെമിനാരി സുഹൃത്തുക്കളുടെ ആത്മീയസംഗമം കഴിഞ്ഞ് യാത്ര ചെയ്യുമ്പോൾ കുട്ടിക്കാനത്തിനും മുണ്ടക്കയത്തിനുമിടയിൽ മുറിഞ്ഞപുഴയിൽ നടന്ന വാഹനാപകടത്തിൽ പാസ്റ്റർ വർഗീസും ഭാര്യാമാതാവു ഗീതമ്മയും കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു.

1972-ൽ ജനിച്ച വർഗീസ് 17-ാം വയസ്സിലാണ് സുവിശേഷവേലയ്ക്ക് സമർപ്പിച്ച് 1991-ൽ ഗോസ്പൽ ഫോർ ഏഷ്യയുടെ ഐ. സി. റ്റി. സി. ബൈബിൾ പഠനത്തിന് ചേർന്നത്. തുടർന്ന് 1995-ൽ ജി. എഫ്. എ. സെമിനാരിൽ നിന്നും പഠനം പൂർത്തിയാക്കി ബിലീവേഴ്സ് ചർച്ചിന്റെ സഭാ പ്രവർത്തനങ്ങളിൽ വ്യാപൃതനായി.

റവ. ജേക്കബ് റ്റി. ആന്റണിയുടെ നിജപുത്രൻ എന്നപോലെ പ്രവർത്തിച്ചിരുന്ന പാസ്റ്റർ വർഗീസ് ആ ആത്മബന്ധം ഇപ്പോഴും തുടർന്നിരുന്നു. തന്റെ പ്രവർത്തനം മൂലം അനേകം യൗവനക്കാർ സുവിശേഷവേലയ്ക്കായി ഇറങ്ങുകയും യേശുവിനെ വ്യക്തിപരമായി അറിയുകയും ചെയ്തിട്ടുണ്ട്. അവരിൽ ചിലർ ഇപ്പോൾ സഭാപ്രവർത്തനങ്ങളിലും സുവിശേഷവേലയിലും വ്യാപൃതരാണ്.

ഏകദേശം 15വർഷങ്ങൾക്കുമുമ്പ് ഞാൻ ആദ്യമായി ഇദ്ദേഹത്തെ പരിചയപ്പെട്ടത് കണ്ണൂരിലെ ഇരിട്ടിയിൽ വെച്ചാണ്. സണ്ടേസ്കൂൾ അധ്യാപകപരിശീലനത്തിന്റെ ഉദ്ഘാടനകനായിരുന്നു അന്ന് പാസ്റ്റർ വർഗീസ്. അടുത്ത ദിവസത്തെ പരിശീലനം ഹർത്താൽ മൂലം തടയപ്പെട്ടപ്പോൾ പത്തിലധികം വരുന്ന ഞങ്ങളുടെ ടീമിന് വേണ്ട ആഹാരക്രമീകരണങ്ങൾ ചെയ്യുവാൻ രാത്രിയിൽ കട തുറപ്പിച്ച് ആഹാര സാധനങ്ങൾ വാങ്ങി ഞങ്ങളെ സൽകരിച്ചത് ഇന്നും ഓർക്കുന്നു.

ഒക്ടോബർ 11, 12 തീയതികൾ 15-ഓളം പഴയകാല സെമിനാരി സുഹൃത്തുക്കൾ കട്ടപ്പനയിൽ ഒരുമിച്ചുകൂടിവന്ന 'ഒലിവ് മീറ്റ്' സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിച്ചത്. പ്രാർത്ഥനയോടും കണ്ണുനീരോടും വിടവാങ്ങുമ്പോൾ വീണ്ടും അടുത്ത വർഷം കാണാമെന്ന പ്രത്യാശ എല്ലാരിലും മുഴങ്ങി. ഏലപ്പാറയിൽ നിന്നും ഭാര്യാമാതാവിനെയും കൂട്ടിയുള്ള യാത്ര അപ്രതീക്ഷിതമായും മരണത്തിലേക്കായിരുന്നു.

തന്റെ പുതിയ വാഹനം നിയന്ത്രിച്ചിരുന്നതും പാസ്റ്റർ വർഗീസായിരുന്നു. ഭാര്യ ഷൈനിയും മാതാവും മക്കളായ ജോമറ്റും ജെസ്വിനും ജോബിനും ഒപ്പം ഉണ്ടായിരുന്നു. ഏകദേശം വൈകുന്നേരം ആറരമണിയോടെയാണ് താൻ ഓടിച്ച വാഹനം 60-70 അടി കൊക്കയിലേക്ക് വീഴുന്നത്. യാത്രതിരിച്ച പല സ്നേഹിതരും മടങ്ങി അപകടസ്ഥലത്ത് എത്തിയപ്പോഴേക്കും പാസ്റ്റർ വർഗീസിന്റെ ആത്മാവ് താൻ പ്രീയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭാര്യാമാതാവ് ആശുപത്രിയിലേക്കുള്ള യാത്രയിലും. സാരമായ പരുക്കുകളോടെ മൂത്ത രണ്ട് മക്കളെയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. സഹോദരി ഷൈനിക്കും സാരമായ പരുക്കുകളേറ്റു. എന്നാൽ മാതാവിന്റെയും ഭർത്താവിന്റെയും വിയോഗം ഷൈനിയെ അല്പം വൈകിയാണ് അറിയിച്ചത്.



വിശ്വാസം മാത്രം കൈമുതലാക്കിയ ഒരു ഭക്തനായിരുന്നു പാസ്റ്റർ വർഗീസ്. ചില വർഷങ്ങൾക്കുമുമ്പ് ബിലീവേഴ്സ് ചർച്ച് പ്രവർത്തനങ്ങളോട് വിടപറയുമ്പോൾ അനേക ചോദ്യങ്ങളാണ് മനസ്സിൽ ഉയർന്നത്. ഡിസ്ട്രിക്ട് പാസ്റ്റർ, സോണൽ പ്രസ്ബിറ്റർ, ബൈബിൾ കോളജ് പ്രിൻസിപ്പാൾ തുടങ്ങിയ നിലയിലുള്ള പ്രവർത്തനങ്ങളോട് വിട പറഞ്ഞാണ് തിരുവല്ല കേന്ദ്രമാക്കി ഗ്രേസ് ഹാർവെസ്റ്റ് സഭാ പ്രവർത്തനവും ഗ്രേസ് മെസഞ്ചർ എന്ന മാഗസിനും ആരംഭിക്കുന്നത്. സാമ്പത്തികമായി പ്രതിസന്ധികളിൽ കൂടി കടന്നുപോകേണ്ടിവന്നെങ്കിലും ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്നതിനാൽ ദൈവം തക്കസമയത്ത് വഴികളെ തുറന്നു.

നിഷ്കളങ്കതയുടെ പ്രതീകമായിരുന്നു, ദേഷ്യപ്പെടുക അസാധാരണമായിരുന്നു. ശുശ്രൂഷിക്കാനുള്ള മനസ്സ്, സ്നേഹസമ്പന്നൻ, താഴ്മ മുഖമുദ്രയാക്കിയ വ്യക്തിത്വം, നല്ലൊരു നേതാവ് ഇങ്ങനെ പല അഭിപ്രായങ്ങളാണ് തന്റെ സ്നേഹിതർക്ക് പറയാനുള്ളത്.

ഒക്ടോബർ 17ന് ശാരോൻ ഹാളിലാണ് പാസ്റ്റർ വർഗീസിന്റെയും ഭാര്യാമാതാവ് ഗീതമ്മയുടെയും മൃതദേഹങ്ങൾ പൊതുദർശനത്തിന് വെച്ചത്. തന്റെ സഹപാഠികളായ സ്നേഹിതർ ശുശ്രൂഷ മുഴുവനായി ഏറ്റെടുത്തു. റവ. ജേക്കബ് ടി. ആന്റണിയുടെ സെമിത്തേരികളും ഇവർക്കായി തുറക്കപ്പെട്ടു.

ശുശ്രൂഷകളുടെ ആരംഭം മുതൽ തന്നെ പാസ്റ്റർ വർഗീസിന്റെ ഭാര്യ ഷൈനി, ശാരീരിക ബുദ്ധിമുട്ടുകളെ അവഗണിച്ച് അവിടെ ഉണ്ടായിരുന്നു. അതേ സമയം മൂത്ത രണ്ട് മക്കൾ ആശുപത്രിയിൽ ഓപ്പറേഷൻ കഴിഞ്ഞ വിശ്രമിക്കുകയായിരുന്നു. തങ്ങളുടെ പിതാവിന്റെയും അമ്മച്ചിയുടെയും ഭൗതിക ശരീരം ഒരു നോക്കുകാണാൻ അവർ വീൽചെയറിൽ എത്തിയത് കണ്ടുനിന്നവരെ ദുഃഖത്തിലാഴ്ത്തി. ഇളയമകൻ മാതാവിനോടൊപ്പം കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ഇരുന്നു.

ശുശ്രൂഷകളുടെ സമാപനത്തിൽ സഹോദരി ഷൈനി പങ്കിട്ട അനുഭവസാക്ഷ്യം കേട്ട് ഈറനണിയാത്തവർ ആരുമില്ലായിരുന്നു. "21 വർഷമായി വിവാഹം കഴിഞ്ഞിട്ട് മുതൽ സുവിശേഷ വേലയിൽ ആയിരുന്നു. സാമ്പത്തിക പ്രതിസന്ധികൾ വരുമ്പോൾ ദൈവത്തിലാശ്രയിച്ചു. ഒരു ഭർത്താവിനെക്കാളുപരി ഒരു നല്ല സുഹൃത്തും കൂടെ ആയിരുന്നു. പ്രതിസന്ധിക ളിൽ ദൈവത്തിൽ ആശ്രയിക്കുവാൻ പഠിപ്പിച്ചു".

മരണത്തോടെ മക്കൾ എങ്ങനെയാകുമെന്ന് നിരാശപ്പെട്ടെങ്കിലും മൂത്തമകൻ, പപ്പായുടെ പാത തന്നെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു എന്ന് മാതാവ് സാക്ഷ്യം പറഞ്ഞപ്പോൾ എല്ലാവരും ദൈവത്തിന് നന്ദി പറഞ്ഞു. പിതാവ് സേവിച്ച ദൈവത്തെ സേവിക്കുവാനുള്ള മനസ്.



അപകടത്തിൽപെട്ട വാഹനം

വർഗീസിന്റെ സഹപാഠിയും ഏ. ജി. ബാംഗ്ലൂർ പ്രസ്ബിറ്ററുമായ പാസ്റ്റർ ജോൺസൺ; സ്നേഹിതരും ദൈവമക്കളും ഞങ്ങൾ എല്ലാവരും കുടുംബത്തോടും കൂടെയുണ്ടെന്ന വാക്കുകൾ കേട്ട് ഷൈനി വിതുമ്പി.

സ്വന്തമായി ഒരു ഭവനം പോലും ഇല്ലാതെ വാടകവീട്ടിൽ കിടക്കുമ്പോളും ഗ്രേയ്സ് മെസഞ്ചർ എന്ന മാസിക പുറത്തിറക്കുവാൻ താൻ ബദ്ധശ്രദ്ധനായിരുന്നു. മക്കളുടെ പഠനം, തുടർന്നുള്ള ജീവിതം എല്ലാം ഒരു ചോദ്യചിഹ്നമായി നിൽക്കുമ്പോൾതന്നെ സഹോദരി ഷൈനി യുടെ ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും എല്ലാവരെയും അത്ഭുതപ്പെടുത്തി.

പാസ്റ്റർ വർഗീസിന്റെ സഹപ്രവർത്തകരും സ്നേഹിതരും ഒരുമിച്ച് ഈ കുടുംബത്തോടൊപ്പം കൈകോർക്കുവാൻ തീരുമാനിച്ച് തിരുവല്ല SBI ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചുകഴിഞ്ഞു. ആശുപത്രിയിൽ ചികിത്സതുടരുന്ന മക്കളുടെ സൗഖ്യത്തിനായും സഹോദരി ഷൈനിയെ ദൈവം തുടർന്നും ബലപ്പെടുത്തുവാനുമായി നിങ്ങൾ പ്രാർത്ഥിച്ചാലും. സുവിശേഷ സ്നേഹികളായ ദൈവമക്കളുടെ അകമഴിഞ്ഞ സഹായവും പ്രാർത്ഥനയും ഇവർക്കുണ്ടാകണം.

തയ്യാറാക്കിയത്:
**ബിനു വടശ്ശേരിക്കര**

Shinymol V. Sam
C/o. Thomas Varghese
Thoppil Kalathil house
Kulakkad P.O., Thiruvalla - 689 101

**Account Details**

Shabu Thomas & M. S. Joseph
A/C: 20360954231, SBI,
Branch: Thiruvalla,
IFSC Code: SBIN0003299,
Branch Code: 3299

Secretary Jiji Philip: 9495212310

ചോദ്യോത്തരവേദി

# മരണാനന്തര ജീവിതം വ്യത്യസ്ത മതങ്ങളിൽ

***ചോദ്യം:*** സാമുദായിക സംഘർഷമുണ്ടാകുമ്പോൾ മെത്രാന്മാരും, മൗലവിമാരും, സ്വാമിമാരും അരങ്ങിലിരുന്ന് നമ്മുടെയെല്ലാം ദൈവം ഒന്നാണെന്ന് പ്രസംഗിക്കാറുണ്ട്. മരണാനന്തര ജീവിതത്തെ സംബന്ധിച്ച് എല്ലാ മതങ്ങളും വ്യത്യസ്ത രീതിയിലാണ് പഠിപ്പിക്കുന്നതെന്ന് അവരുടെ പുസ്തകങ്ങൾ വെളിപ്പെടുത്തുന്നു. ഒരോ മതങ്ങളിലെയും മരണാനന്തര ജീവിതത്തിലെ സ്ഥിതി അറിയാൻ താല്പര്യപ്പെടുന്നു, പ്രത്യേകിച്ച് ഇസ്ലാമിക പഠിപ്പിക്കൽ.

**– സാജു കൊച്ചുപറമ്പ്**



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

***ഉത്തരം:*** ഒരോ മതങ്ങളും വ്യത്യസ്തരീതിയിലുള്ള മരണാനന്തര ജീവിതമാണ് പഠിപ്പിക്കുന്നത്.

കമ്മ്യൂണിസവും, ദൈവം ഇല്ലെന്ന് വിശ്വസിക്കുന്ന യുക്തിവാദികളും മരണാനന്തര ജീവിതം ഉണ്ടെന്ന് വിശ്വസിക്കുന്നില്ല. ഭൂമിയിലെ ജീവിതത്തോടുകൂടി എല്ലാം അവസാനിക്കുന്നു. വടക്കൻ കൊറിയായിലെ ഏകാധിപതി സ്ഥാപിച്ച ഔദ്യോഗിക മതത്തിൽ (Juchesism) മരണാനന്തര ജീവിതമില്ല. സ്വർഗ്ഗവുമില്ല. എല്ലാ വടക്കൻ കൊറിയാക്കാരും ഈ മതത്തിലെ വിശ്വസിക്കാവൂ എന്നവിടെ നിയമമുണ്ട്.

ആഫ്രിക്കയിലെ പരമ്പരാഗത മതങ്ങളിൽ ചിലത് ഭൂമിയിലെപോലൊരു ജീവിതം മരണശേഷവും ഉണ്ടെന്ന് വിശ്വസിക്കുമ്പോൾ, ചിലത് മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നില്ല.

ചൈനയിലെ പരമ്പരാഗത മതങ്ങൾക്കും (കൺഫൂഷ്യസ്, ഷിന്റോ, താവോ), മരണാനന്തരജീവിത കാഴ്ചപ്പാടുകളില്ല. എന്നാൽ അവർ മരിച്ചുപോയ പൂർവ്വികരെ ഓർക്കുകയും ബഹുമാനിക്കുകയും ചെയ്യാറുണ്ട്.

ഗുരുനാനാക്ക് 16-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച **സിക്ക് മതത്തിലും,** വ്യക്തമായ മരണാനന്തര ജീവിതമില്ല. നല്ല സ്വഭാവഗുണങ്ങൾകൊണ്ടും ഇടപാടുകൾകൊണ്ടും ഏകദൈവത്തിൽ ലയിക്കാമെന്നേയുള്ളൂ.

സിദ്ധാർത്ഥ ഗൗതമൻ സ്ഥാപിച്ച **ബുദ്ധമതത്തിൽ,** ചില അനുയായികൾ മരണാനന്തര ജീവിതമില്ലെന്ന് വിശ്വസിക്കുമ്പോൾ, ചിലർ നിരവധി പുനർജ്ജനനത്തിലൂടെ നിർവ്വാണം പ്രാപിക്കാമെന്ന് വിശ്വസിക്കുന്നു. **ഹിന്ദുമത വിശ്വാസത്തിൽ** അനേക ദൈവങ്ങളുണ്ട്. എല്ലാ ജീവനുകളും 'ബ്രഹ്മാവു'മായി ബന്ധപ്പെട്ട് കിടക്കുന്നു. ആറ് ലക്ഷം പുനർജ്ജനനത്തിലൂടെ ഒരാൾക്ക് ബ്രഹ്മാവുമായി ലയിക്കാം എന്ന് വിശ്വസിക്കുന്നു. എന്നാൽ വ്യക്തമായ വ്യക്തിപരമായ ജീവിതക്രമമില്ല. യേശുക്രിസ്തു ജനിക്കുന്നതിന് 600 വർഷങ്ങൾക്കുമുമ്പേ മഹാവീരനാൽ സ്ഥാപിതമായ **ജൈനമതവും** പുനർജ്ജനനത്തിൽ വിശ്വസിക്കുന്നു. **ക്രിസ്തീയ വിശ്വാസമനുസരിച്ച്,** മരണാനന്തര ജീവിതത്തിൽ വിവാഹമോ മറ്റു ശരീരപരമായ ബന്ധങ്ങളോ ഇല്ല. എന്നാൽ എല്ലാ വ്യക്തികളേയും അറിയുകയും സംസാരിക്കയും തേജസ്കരിക്കപ്പെട്ട ശരീരവുമായി ഒരു ജീവിതക്രമവുമുണ്ട്.

എന്നാൽ **ഖുറാനിൽ** വെളിപ്പെടുത്തിയിരിക്കുന്ന സ്വർഗ്ഗത്തിൽ ജഢത്തിന്റെ പ്രവർത്തികൾക്കാണ് മുഖ്യസ്ഥാനം. താഴെക്കൊടുത്തിരിക്കുന്ന വചനങ്ങൾ വായിച്ചു മനസ്സിലാക്കുക.

1. "തീർച്ചയായും ധർമ്മനിഷ്ഠ പാലിക്കുന്നവർ സ്വർഗ്ഗത്തോപ്പുകളിലും സുഖാനുഗ്രഹങ്ങളിലുമായിരിക്കും. തങ്ങളുടെ രക്ഷിതാവ് അവർക്ക് നൽകിയതിൽ ആനന്ദം കൊള്ളുന്നവരായിട്ട്. ജ്വലിക്കുന്ന നരകത്തിലെ ശിക്ഷയിൽ നിന്ന് അവരുടെ രക്ഷിതാവ് അവരെ കാത്തു രക്ഷിക്കുകയും ചെയ്യും. (അവരോട് പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ സുഖമായി തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. വരിവരിയായി ഇട്ട കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും അവർ. വിടർന്ന കണ്ണുകളുള്ള വെളുത്ത തരുണികളെ നാം അവർക്കു ഇണ ചേർത്തു കൊടുക്കയും ചെയ്യും" (ഖുർആൻ 52: 17–20).

2. "അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസന്മാർ ഇതിൽ നിന്നൊഴിവാകുന്നു. അങ്ങനെയുള്ളവർക്കാകുന്നു അറിയപ്പെട്ട ഉപജീവനം. വിവിധതരം പഴവർഗ്ഗങ്ങൾ. സൗഭാഗ്യത്തിന്റെ സ്വർഗ്ഗത്തോപ്പുകളിൽ അവർ ആദരിക്കപ്പെടുന്നവരായിരിക്കും. അവർ ചില കട്ടിലുകളിൽ പരസ്പരം അഭിമുഖമായി ഇരിക്കുന്നവരായിരിക്കും. ഒരു തരം ഉറവു ജലം നിറച്ച കോപ്പകൾ അവരുടെ ചുറ്റും കൊണ്ടുനടക്കപ്പെടും. വെളുത്തതും കുടിക്കുന്നവർക്ക് ഹൃദ്യവുമായ പാനീയം. അതിൽ യാതൊരു ദോഷവുമില്ല. അത് നിമിത്തം അവർക്കു ലഹരി ബാധിക്കുകയുമില്ല. ദൃഷ്ടി നിയന്ത്രിക്കുന്നവരും വിശാലമായ കണ്ണുകളുള്ളവരുമായ സ്ത്രീകൾ അവരുടെ അടുത്ത് ഉണ്ടായിരിക്കും. സൂക്ഷിച്ചുവെക്കപ്പെട്ട മുട്ടകൾ പോലെയിരിക്കും അവർ" (ഖുർആൻ 37: 40–49).

3. "സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ. നേർത്ത പട്ടുതുണിയും കട്ടിയുള്ള പട്ടുതുണിയും അവർ ധരിക്കും. അവർ അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്. അങ്ങനെയാകുന്നു (അവരുടെ അവസ്ഥ). വിശാലമായ നേത്രങ്ങളുള്ള വെളുത്ത സ്ത്രീകളെ അവർക്കു നാം ഇണകളായി നൽകുകയും ചെയ്യും. സുരക്ഷിതത്വബോധത്തോടു കൂടി എല്ലാവിധ പഴങ്ങളും അവർ അവിടെ വെച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കും" (ഖുർആൻ 44: 51–55).

"അവയിൽ ദൃഷ്ടി നിയന്ത്രിക്കുന്നവരായ സ്ത്രീകളുണ്ടായിരിക്കും. അവർക്ക് മുമ്പ് മനുഷ്യനോ ജിന്നോ അവരെ സ്പർശിച്ചിട്ടില്ല. അവർ മാണിക്യവും പവിഴവും പോലെയായിരിക്കും" (ഖുർആൻ 55: 56,58).

"അവയിൽ സുന്ദരികളായ ഉത്തമ തരുണികളുണ്ട്. കൂടാരങ്ങളിൽ ഒതുക്കിനിർത്തപ്പെട്ട വെളുത്ത തരുണികൾ" (ഖുർആൻ 55: 70,72).

"തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമുണ്ട്. അതായത് (സ്വർഗ്ഗത്തിലെ) തോട്ടങ്ങളും മുന്തിരികളും, തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണികളും, നിറഞ്ഞ പാനപാത്രങ്ങളും" (ഖുർആൻ 78: 31 –34).

4. "അവരാകുന്നു സാമീപ്യം നൽകപ്പെട്ടവർ. സുഖാനുഭൂതികളുടെ സ്വർഗ്ഗത്തോപ്പുകളിൽ. പൂർവ്വീകന്മാരിൽ നിന്നു ഒരു വിഭാഗവും പിൽക്കാലരിൽ നിന്നു കുറച്ചു പേരുമത്രെ ഇവർ. സ്വർണ്ണനൂലുകൊണ്ട് മെടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിൽ ആയിരിക്കും അവർ. അവയിൽ അവർ പരസ്പരം അഭിമുഖമായി ചാരിയിരിക്കുന്നവരായിരിക്കും. നിത്യജീവിതം നൽകപ്പെട്ട ബാലന്മാർ അവരുടെ ഇടയിൽ ചുറ്റി നടക്കും. കോപ്പകളും കൂജകളും ശുദ്ധമായ ഉറവുജലം നിറച്ച പാനപാത്രവും കൊണ്ട് അതു (കുടിക്കുക) മൂലം അവർക്കു തലവേദനയുണ്ടാവുകയോ ലഹരി ബാധിക്കുകയോ ഇല്ല. അവർ ഇഷ്ടപ്പെട്ടു തെരഞ്ഞെടുക്കുന്ന തരത്തിൽപെട്ട പഴവർഗ്ഗങ്ങളും. അവർ കൊതിക്കുന്ന തരത്തിൽപെട്ട പക്ഷിമാംസവും കൊണ്ട് (അവർ ചുറ്റി നടക്കും). (ചിപ്പികളിൽ) ഒളിച്ചുവെക്കപ്പെട്ട മുത്തുപോലെയുള്ള, വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികളും (അവർക്കുണ്ട്)" (ഖുർആൻ 55: 11–23).

5. "വലതു പക്ഷക്കാർ! എന്താണീ വലതു പക്ഷക്കാരുടെ അവസ്ഥ! മുള്ളില്ലാത്ത ഇലന്തമരം, അടുക്കടുക്കായി കുലകളുള്ള വാഴ, വിശാലമായ തണൽ, സദാ ഒഴുക്കപ്പെട്ടുകൊണ്ടിരിക്കുന്ന വെള്ളം, നിലച്ചുപോവാത്തതും തടസ്സപ്പെട്ടു പോവാത്തതുമായ ധാരാളം പഴവർഗ്ഗങ്ങൾ, ഉയർന്ന മെത്തകൾ എന്നീ സുഖാനുഭൂതികളിലായിരിക്കും അവർ. തീർച്ചയായും അവരെ (സ്വർഗ്ഗസ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുകയാണ്. അങ്ങനെ നാം അവരെ കന്യകമാരും സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു. വലതുപക്ഷകാർക്കുവേണ്ടിയത്രെ അത്" (ഖുർആൻ 56: 27–38).

സൂക്ഷിച്ചുവെക്കപ്പെട്ട മുത്തുകൾ പോലെയിരിക്കുന്ന ചെറുപ്പക്കാർ അവരുടെ അടുത്തു ചുറ്റിത്തിരിഞ്ഞു നടക്കുകയും പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കുമെന്നും 52-ാമത്തെ സൂറയുടെ 24,25 ആയത്തുകളിലായി അല്ലാഹു അരുളിച്ചെയ്തിട്ടുണ്ട്.

## 02 യുവജന പംക്തി...

ന്നാണ്. ദൈവഹിത പ്രകാരമല്ലാത്ത ബന്ധങ്ങൾ തുടർന്ന് ബന്ധമായി തുടരാം.

**അവിശ്വാസി ജീവിതപങ്കാളി ആയാൽ**

അവിശ്വാസികൾ ജീവിതപങ്കാളിയായാൽ കുഴപ്പം വല്ലതും ഉണ്ടോ എന്ന് ചോദിക്കുന്നവരുണ്ട്. തീർച്ചയായും കുഴപ്പങ്ങൾ മാത്രമേ കാണൂ.. കർത്താവിനെ അറിയുന്ന നിങ്ങൾ ഒരു കാരണവശാലും അവിശ്വാസിയെ ജീവിതപങ്കാളിയായി സ്വീകരിക്കരുത്. സ്വീകരിച്ചാൽ കുടുംബജീവിതം തകരും എന്നതിന് സാക്ഷികളും അനുഭവസ്ഥരും ആയി നൂറുകണക്കിനാളുകൾ ചുറ്റുപാടും ഉണ്ട്. **(തുടരും...)**

## 01 36–ാ മത് നവാപൂർ കൺവൻഷൻ....

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നര പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. സഭയുടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ആയിരത്തിൽ അധികം സഭകളിൽ നിന്നായി പതിനായിരക്കണക്കിന് വിശ്വാസികൾ കൺവൻഷനിൽ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ കെ.ഒ. വർഗീസ് (ജനറൽ സെക്രട്ടറി)-09414105098, റെജി തോമസ് (കോ-ഓർഡിനേറ്റർ)-09829666869.

## 01 93–ാമത് കുമ്പനാട് കൺവൻഷൻ....

പാസ്റ്റർ ജെയിംസ് ചാക്കോ (സൺഡേ സ്കൂൾ & യൂത്ത്), പാസ്റ്റർ ഗർസിം പി. ജോൺ (തിരുവത്താഴം) എന്നിവർ ചെയർമാൻമാരായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നതായി ചുമതലക്കാർ അറിയിച്ചു. തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ. സി. ജോൺ, ബ്രദർ സജി പോൾ, ബ്രദർ എം. വി. ഫിലിപ്പ് തുടങ്ങിയവർ കൺവൻഷൻ ക്രമീകരണങ്ങളെക്കുറിച്ച് വിശദീകരിച്ചു.

## ഒർലാന്റോ ഐ.പി.സിക്ക് പുതിയ ആരാധനാലയം: ശിലാസ്ഥാപനം ഒക്ടോബർ 30ന്

**ഫ്ളോറിഡ:** ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ നോർത്ത് അമേരിക്കയിലുള്ള സൗത്ത് ഈസ്റ്റ് റീജിയനിലെ പ്രമുഖ സഭകളിലൊന്നായ ഒർലാന്റോ ഐ.പി.സി സഭ പുതിയതായി പണികഴിപ്പിക്കുന്ന ആരാധനാലയത്തിന്റെ നിർമ്മാണോത്ഘാടനം ഒക്ടോബർ 30 ന് ഞായറാഴ്ച 12.30ന് നടത്തപ്പെടും. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് മാത്യൂ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം പ്രാർത്ഥനയോടുകൂടി നിർവ്വഹിക്കും. ബിൽഡിംഗ് കമ്മറ്റി ചെയർമാൻ ബ്രദർ അലക്സാണ്ടർ ജോർജ്, വൈസ് പ്രസിഡന്റ് ബ്രദർ സാം ഫിലിപ്പ്, സഭാ സെക്രട്ടറി ബ്രദർ രാജു പൊന്നോലിൽ, ട്രസ്റ്റി ബ്രദർ മനോജ് ഡേവിഡ്, ബോർഡ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകും. ലളിതമായി സംഘടിപ്പിച്ചിരിക്കുന്ന ശുശ്രുഷകളിൽ സഹ ശുശ്രൂഷകന്മാരും, വിവിധ സഭാ വിശ്വാസി പ്രതിനിധികളും സംബന്ധിക്കും.

ലോക പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ ഒർലാന്റോയിലെ ഡിസ്നി വേൾഡ് തീം പാർക്കിനോട് എറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ ഏക സഭയാണ് ഒർലാന്റോ ഐ.പി.സി. 1987ൽ 4 കുടുംബങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കപ്പെട്ട ദൈവസഭയിൽ ഇന്ന് നൂറിലധികം കുടുംബങ്ങളിൽ നിന്നായി 400 ലധികം വിശ്വാസികൾ ആരാധനയിൽ സംബന്ധിക്കുന്നു.

## 01 പാസ്റ്റർ അപകടത്തിൽ....

പ്പനയിൽ നടന്ന സെമിനാർ സുഹൃത്തുക്കളുടെ സംഗമത്തിൽ സംബന്ധിച്ച് മടങ്ങവെയാണ് അപകടം സംഭവിച്ചത്. ഭാര്യ മാതാവു ഗീതമ്മയും നിത്യതയിൽ ചേർക്കപ്പെട്ടു. ഭാര്യ ഷൈനി, മക്കൾ 3 പേർ ഇവരും ആശുപത്രിയിലാണ്.

GFABS ഒലിവ് മീറ്റിൽ ആണ് പാസ്റ്റർ കെ. എ. വർഗ്ഗീസ് അവസാനമായി പങ്കെടുത്തത്. കുടുംബമായി ദൈവം തന്നെ നടത്തിയ വഴികളെ പറ്റി സാക്ഷിച്ചു. 15-ലധികം കുടുംബങ്ങൾ ചേർന്ന സമ്മേളനം ആഹ്ളാദത്തിന്റെ നിമിഷങ്ങളായിരുന്നു. എന്നാൽ തുടർന്നുള്ള യാത്ര മരണത്തിലേക്കായിരുന്നു.

## 01 സോൾ വിന്നേഴ്സ്....

ങ്ങളിലും സോൾ വിന്നേഴ്സ് എന്ന സ്ഥാപനത്തിനു ആരംഭം കുറിച്ചും ക്രിസ്തുവിന്റെ സാക്ഷിയാകുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു.

500 സഭകളും കൂടാതെ 3 അനാഥശാലകളും തനിക്കു ആരംഭിക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനകരം തന്നെയാണ്. വേദാധ്യാപകനും സുവിശേഷ പ്രസംഗകനും ആയിരുന്ന താൻ ഭൗതിക ജോലിയിൽ ആയിരിക്കുമ്പോഴും ആത്മാക്കളെ നേടാനും, സുവിശേഷവേല ചെയ്യുവാനും കഴിയും എന്ന് ജീവിതത്തിന്റെ അനുഭവത്തിൽ നിന്നും ലോകത്തിനു കാട്ടി കൊടുക്കുവാൻ താൻ തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. സംസ്കാരം അറുന്നൂറ്റി മംഗലത്തു നടന്നു.

**വസ്തു വിൽപ്പനയ്ക്ക്**

പത്തനംതിട്ട – കോഴഞ്ചേരി മെയിൻ റോഡ് സൈഡിൽ (റ്റി. കെ. റോഡ്) വാര്യാപുരം തൂക്കുപാലത്ത് ഇരുവശവും വഴി സൗകര്യമുള്ള 53 സെന്റ് വസ്തു (പ്ലോട്ടുകൾ തിരിക്കുവാൻ സൗകര്യമുള്ളത്) വില്പനയ്ക്ക് ബന്ധപ്പെടുക.

ഫോൺ: 9656108190

# നിത്യതയിൽ



**പാസ്റ്റർ കെ. ടി. തോമസ് അമ്പലത്തിങ്കൽ (86)**

**കോട്ടയം:** ഐ. പി. സി.യിലെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ കെ. ടി. തോമസ് അമ്പലത്തിങ്കൽ (86) നിത്യതയിൽ. കർത്തൃശുശ്രൂഷയിൽ കളങ്കമില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയായ പ്രിയ ദൈവദാസൻ കോട്ടയത്തെ പെന്തെക്കോസ്തു ചരിത്രത്തിൽ ഒഴിച്ചു കൂടാനാകാത്ത ആദ്യകാല പ്രവർത്തകരിൽ ഒരാളായിരുന്നു. വിദ്യാഭ്യാസ വകുപ്പ് റിട്ട. അക്കൗണ്ടസ് ഓഫീസറാണ്. ഐ. പി. സി കേരള സ്റ്റേറ്റ് കൗൺസിൽ അംഗം, ഐ. പി. സി കോട്ടയം സൗത്ത് സെന്റർ വൈസ് പ്രസിഡന്റ്, ബൈബിൾ കോളേജ് അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഐ. പി. സി. കോട്ടയം സൗത്ത് സെന്ററിലെ ഇല്ലിമൂട് ബഥനി സഭ ശുശ്രൂഷകനും ഐ. പി. സി. കോട്ടയം നോർത്ത് സെന്ററിലെ എബനേസർ സഭാംഗമാണ്. വടവാതൂർ അമ്പലത്തിങ്കൽ കുടുംബാംഗം ആണ്. സംസ്കാരം നടത്തി.

ഭാര്യ: പരേതയായ മറിയം

മക്കൾ: തോമസ് ഫിന്നി(ഐ. പി. സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗം മാനേജർ മീനടം ഡി. സി. സി), റവ. തോമസ് സാമുവേൽ (യു. കെ), പരേതയായ മേഴ്സി റേച്ചൽ തോമസ്.



**മറിയാമ്മ വർഗീസ്**

**ഡാളസ്:** റാന്നി കണ്ണംപള്ളി മൂശാരിയേത്ത് മറിയാമ്മ വർഗീസ് (കുഞ്ഞുമോൾ-67) നിത്യതയിൽ. നാട്ടിലേക്കുള്ള സന്ദർശന യാത്രയിൽ എറണാകുളത്തുള്ള സഹോദരി ഭവനത്തിൽ വെച്ചായിരുന്നു അന്ത്യം. ഡാളസ്സ് ശാരോൻ ഫെലോഷിപ്പ് സഭാംഗമായിരുന്നു പരേത. സംസ്കാരം മാതൃസഭയായ റാന്നി കണ്ണംപള്ളി ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ നടത്തി.

മകൾ: രേഖ, മരുമകൻ: റെജി, കൊച്ചുമക്കൾ: റിയ, റിജിൻ



**ഏലിയാമ്മ ജോർജ്ജ് (86)**

**വെച്ചൂച്ചിറ:** ആറാട്ടുപുഴ, കാവുംമുഖത്ത് പരേതനായ ജോർജ്ജിന്റെ ഭാര്യ ഏലിയാമ്മ ജോർജ്ജ് (86) നിത്യതയിൽ. ഇടയാറന്മുള എരുമക്കാട് തുരുത്തിയിൽ മത്തായിച്ചന്റെയും മറിയാമ്മയുടെയും മകളാണ് പരേത. സംസ്കാരം നടത്തി.

മക്കൾ: ശമുവേൽ, അനിയൻകുഞ്ഞ്, ബാബു, പാസ്റ്റർ കെ. ജി. ജോൺ, രാജു, ബഞ്ചി. മരുമക്കൾ: കുഞ്ഞൂഞ്ഞമ്മ, ആലീസ്, ഓമന, ലീലാമ്മ, ബിൻസി. കൊച്ചുമക്കൾ: ക്രിസ്റ്റി, ഷാജി, ആശിഷ്, അനു, സന്തോഷ്, സുനു, ജോയൽ ,ജോബ്, അലീനാ, അലൻ, പ്രിസ്ക്കില്ല, പ്രിൻസ്.

# ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും

**റാന്നി:** ഐ. പി. സി. റാന്നി ഈസ്റ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2016 നവംബർ 7,8,9 ദിവസങ്ങളിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും നടക്കുന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗ്ഗീസ് എബ്രഹാം ഉദ്ഘാടനം ചെയ്യും. ഐ. പി. സി. റാന്നി വെസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ. കെ. ചെറിയാൻ സമാപന സന്ദേശവും കർത്തൃമേശയും നടത്തും. പാസ്റ്റർമാരായ റ്റി. എ. ചെറിയാൻ,രാജു പൂവക്കാല, ഷിബു നെടുവേലിൽ, ജോൺസൻ കുണ്ടറ തുടങ്ങിയ കർത്തൃദാസന്മാർ ഈ യോഗങ്ങളിൽ വചനം ശുശ്രൂഷിക്കും. ലിവിംഗ് മ്യൂസിക്ക് റാന്നി ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ പി. വി. വർഗ്ഗീസ് നേതൃത്വം നൽകും.




# കെ. പി. എൽ ബാഡ്മിന്റൺ ടൂർണ്ണമെന്റ് സമാപിച്ചു



**കുമ്പനാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ പുത്രികാ സംഘടനയായ പി. വൈ. പി. എ. കുമ്പനാട് സെന്ററിന്റെ ആഭിമുഖ്യത്തിൽ കുമ്പനാട് പ്രീമിയർ ലീഗ് (കെ. പി. എൽ) ബാഡ്മിന്റൺ ടൂർണമെന്റ് കുമ്പനാട് വൈ. എം. സി. എയിൽ കോയിപ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബ്രദർ. മോൻസി കിഴക്കേടത്ത് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ പി. വൈ. പി. എ കുമ്പനാട് സെന്റർ പ്രസിഡന്റ് ജസ്റ്റിൻ നെടുവേലിൽ അദ്ധ്യക്ഷത വഹിച്ചു. 25-ൽ പരം ടീമുകൾ പങ്കെടുത്തു. അതിൽ പുരുഷ വിഭാഗത്തിൽ മാരാമൺ എ ടീമും (ജസ്റ്റിൻ നെടുവേലിൽ, ഷോൺ തോമസ്) മാരാമൺ ബി ടീമും (ജോഷി ,ചെറിയാൻ, ലിയോ) വനിതാ വിഭാഗത്തിൽ ഹെബ്രോൻ പി. വൈ. പി. എ. (ലിഡിയ, ലിന്റ), എലീം പി. വൈ. പി.എ (ഹേമ മേരി, കെസിയ) എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. നെവിൻ മങ്ങാട്ട്, ഫിന്നി ഫിലിപ്പ്, പാസ്റ്റർ എബ്രഹാം വർഗീസ്, ഇവാ. കലേബ് ജി. ജോർജ്ജ്, ബെൻസൺ തെങ്ങുംപള്ളിൽ, മാത്യുസ് വർഗീസ്, ജോജി റ്റി. മാത്യു എന്നിവർ പ്രസംഗിച്ചു. വിജയികളെ ട്രോഫികൾ നൽകി ആദരിച്ചു.

# യു. പി. എഫ് കൺവൻഷൻ

**നിരണം:** നിരണത്തും പരിസര പ്രദേശങ്ങളുമുള്ള പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ നിരണം യു.പി. എഫിന്റെ 13-ാമത് വാർഷിക കൺവൻഷൻ നവംബർ 10 മുതൽ 13 വരെ നിരണം യു.പി. എഫ് ഗ്രൗണ്ടിൽ നടക്കും. പ്രസിഡന്റ് സ്റ്റാൻലി കെ. ഉമ്മൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. സി. ജോൺ, തോമസ് ഫിലിപ്പ്, കെ. ജെ. മാത്യു, എം. എ. ജോൺ ആദിയായവർ പ്രസംഗിക്കും. ഹീലിംഗ് മെലഡീസ് ഗാനങ്ങൾ ആലപിക്കും പാസ്റ്റർമാരായ കെ. പി. കോശി, ബിനോയ് മാത്യു, മാത്യു ജോർജ് തുടങ്ങിയവർ നേതൃത്വം നല്കും.

# ബോധവത്കരണ യാത്ര

**എടത്വ:** നിരണം യു. പി. എഫിന്റെയും ഐ. സി. പി.എഫിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 8-ന് എടത്വായിലും പരിസര പ്രദേശങ്ങളിലും ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണ യാത്ര നടത്തി. പാസ്റ്റർ കെ. പി. കോശി ഉദ്ഘാടനം ചെയ്തു. സുരേഷ് തോമസ്, എം. എ. തോമസ്കുട്ടി എന്നിവർ നേതൃത്വം നല്കി. എടത്വ ടൗണിൽ ഐ. സി. പി. എഫ് എയ്ഞ്ചലോസിന്റെ സ്കിറ്റും എക്സൈസ് വകുപ്പിന്റെ ഫിലിം ഷോയും നടത്തി.

08

# ആയുർ ദൈർഘ്യം...

യാണ്, വായുവും ജലവും. വായുമലിനീകരണം മനുഷ്യജീവന് വലിയ ഭീഷണിയാണെന്ന് ലോകം തിരിച്ചറിഞ്ഞിട്ട് അധികമൊന്നും ആയിട്ടില്ല. ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര വികസിത രാജ്യങ്ങളിൽ വികസനം നടക്കുമ്പോൾ ആ കൂട്ടത്തിൽ ഭൂമിയിൽ വായുവും മലിനമാകുകയാണ്. അങ്ങെ ശുദ്ധ വായു ലഭിക്കാതെ വരുമ്പോൾ അത് നിരവധിയായ രോഗങ്ങൾക്ക് കാരണമാകുമെന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് തന്നു കഴിഞ്ഞു.ആരോഗ്യവാനായി ജീവിക്കണം എന്നാഗ്രഹിക്കുന്ന മനുഷ്യൻ എന്തു കൊണ്ട് തന്റെ നിലനില്പിനു തന്നെ ദോഷമായേക്കവുന്ന പരിസരമലിനീകരണത്തിൽ നിന്നു രക്ഷ നേടുന്നില്ല? വായുമലിനീകരണം,ജലമലിനീകരണം, പണ്ടു കാലത്ത് വായുമലിനീകരണവും ജലമലിനീകരണവും ഉണ്ടായിരുന്നില്ല. അതു കൊണ്ട് തന്നെ അന്നു രോഗബാധിതരും കുറവായിരുന്നു. വായുമലിനീകരണം കൂടുതൽ വരുന്നത് പ്ലാസ്റ്റിക്ക് സാധനങ്ങൾ കത്തിക്കുമ്പോഴും വാഹനങ്ങളിൽ നിന്നും ഫാക്റ്ററികളിൽ നിന്നും വരുന്ന പുകയും മൂലമാണ്.രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി ദുരന്തം പേറേണ്ടി വന്ന ഹിരോഷിമ,നാഗസാക്കി എന്ന പ്രദേശങ്ങളിൽ പരിസരമലിനീകരണത്തിന്റെ ഫലമായി ഇന്നും അവിടെ പിറക്കുന്ന കുഞ്ഞുങ്ങൾക്കു വൈകല്യങ്ങളാണു കാണപ്പെടുന്നത്. മഴദിനങ്ങൾ കുറഞ്ഞു. പുഴകൾ ഒഴുക്കു നിലച്ചു മലിനമായി. മണൽ വാരൽ അവശേഷിക്കുന്ന ജീവനും കവർന്നു. മൽസ്യലഭ്യതയും കുറഞ്ഞു. മലേറിയയും കോളറയും അടക്കമുള്ള രോഗങ്ങൾ വീണ്ടും ശക്തിയാർജിക്കുന്നു. ഇതെല്ലാം കാണിക്കുന്നത് യേശുക്രിസ്തുവിന്റെ വരവിനെയാണ്. മാരക രോഗങ്ങൾ പകർച്ച വ്യാധികൾ എന്നിവ ഭൂമുഖത്ത് പെരുകുകയും ചെയ്യുന്നു. മനുഷ്യന്റെ ആയുസ്സ് കുറയുന്നതിന് കാരണം പ്രകൃതി മലിനമാകുന്നതിനാൽ ആണ്. ക്ഷാമം ഭൂകമ്പം പകർച്ചവ്യാധികൾ എല്ലാറ്റിനും ഇത് കാരണമാകും. ഈ പ്രകൃതിക്ക് ഇനി മാറ്റം സംഭവിക്കുന്നത് കർത്താവിന്റെ ആയിരം ആണ്ടു വാഴ്ചയിലാണ്. അതിനു മുന്നമെ കർത്താവിന്റെ സഭ ഇവിടെ നിന്ന് എടുത്ത് കൊള്ളപ്പെടും അതിനായി നമുക്ക് ഒരുങ്ങാം.

# MATRIMONIAL

സിറിയൻ പെന്തെക്കോസ്ത് യുവതി 28 വയസ്സ്, (Bsc. Nurse,Saudhi) ഇരുനിറം (164cm) നവംബർ ആദ്യ ആഴ്ചയിൽ നാട്ടിൽ വരുന്നു. അനുയോജ്യമായ ആലോചനകൾ മാതാപിതാക്കളിൽ നിന്നും ക്ഷണിക്കുന്നു.

**ഫോൺ: 9446946627**

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 20

BELIEVERS JOURNAL

PUBLISHED ON 25/10/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ലേഖനം

# ആയുർ ദൈർഘ്യം കുറയുന്ന മനുഷ്യൻ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

നമ്മുടെ സജീവ പഠനത്തിനും പരിചിന്തനത്തിനും വിധേയമാകേണ്ട പ്രപഞ്ച സത്യങ്ങളിൽ ഒന്നാണ് ദൈവം മനുഷ്യന് കൊടുത്ത ആയുസ്സ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മരണമില്ലാത്തവനായിട്ടാണ്. എന്നാൽ പാപത്തിന്റെ പരിണിത ഫലമായി മനുഷ്യൻ മരണത്തിന് അടിമയായി. ഭൂമിയിൽ ജനിക്കുന്ന ആരും മരിക്കുവാൻ ആഗ്രഹിക്കുന്നില്ല ദീർഘകാലം ജീവിക്കണം എന്നാണ് എല്ലാ മനുഷ്യരുടെയും ആഗ്രഹം. എന്നാൽ ഒരിക്കൽ മരിക്കുകയും പിന്നീട് ന്യായവിധിയും ദൈവം മനുഷ്യർക്കായി നിയമിച്ചിരിക്കുന്നു എന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. മനുഷ്യ ജന്മങ്ങളുടെ ആയുസിന്റെ വിധി എഴുതുന്നതും തീരുമാനിക്കുന്നതും ദൈവം ആണ്. അതുകൊണ്ടാണ് വിശുദ്ധ വേദപുസ്തകം പറയുന്നത് ദീർഘായുസ്സ് കൊണ്ട് ഞാൻ അവന് തൃപ്തി വരുത്തും എന്ന്. എന്നാൽ ഇന്ന് ആഗോള വ്യാപകമായി പഠിച്ചാൽ പലവിധമായ കാരണങ്ങളാൽ മനുഷ്യന്റെ ആയുസ്സ് കുറഞ്ഞു വരുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നത്. മനുഷ്യായുസ്സ് ആദിമ മനുഷ്യനുമായി തട്ടിച്ചു നോക്കുമ്പോൾ നിരന്തരമായി ചുരുങ്ങി വരുന്നതായും കാണുന്നു. മനുഷ്യൻ ഒഴികെ ഭൂമിയിലെ മറ്റെല്ലാ ജീവികളുടെയും വലുപ്പവും വളർച്ചയും വേഗതയുമൊക്കെ അതിന്റെ സൃഷ്ടിപ്പിൽ എങ്ങനെയായിരുന്നോ ഉണ്ടായിരുന്നത് അതേപോലെ തന്നെയായിരിക്കും ഇപ്പോഴും ഉള്ളത്. ഇത് തന്നെയാണ് അവയുടെ ശരാശരി ആയുർദൈർഘ്യത്തിന്റെ വിഷയത്തിലും നാം കാണുന്നത്. തുടക്കത്തിൽ ഏതു അവസ്ഥയിലാണോ അവ ഉണ്ടായിരുന്നത് അതേ അവസ്ഥയിൽ ഇപ്പോഴും തുടരുന്നു. എന്നാൽ മനുഷ്യന്റെ അവസ്ഥ തികച്ചും വ്യത്യസ്തമാണെന്നതാണ് വസ്തുത. ചരിത്രപരമായി ചിന്തിച്ചാൽ പുരാതന കാല മനുഷ്യൻ ആധുനിക മനുഷ്യനെക്കാൾ ആകാരത്തിൽ ഏറെ വലുപ്പം കൂടിയവനായിരിക്കാനാണ് സാധ്യത. നിലവിൽ ലഭ്യമായിട്ടുള്ള ചരിത്രാവശിഷ്ടങ്ങൾ നൽകുന്ന കൃത്യമായ സൂചനയും അതുതന്നെ. ഈജിപ്തിലെ പിരമിഡുകളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മമ്മികളുടെ വലുപ്പവും, 1898-ൽ ജബാലിയ എന്ന പ്രദേശത്തിനടുത്ത് ചെങ്കടലിൽ നിന്ന് കണ്ടെടുക്കപ്പെട്ട റംസീസ് രണ്ടാമൻ ഫറോവയുടെ മൃത ശരീരത്തിന്റെ വലുപ്പവും പുരാവസ്തു ഗവേഷകർക്ക് ലഭിച്ച പുരാതന മനുഷ്യന്റെ ഫോസിലുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ബാശാൻ രാജാവായ ഓഗിനെക്കുറിച്ചുള്ള വിവരണത്തിൽ കാണുന്നത് അവൻ കിടന്നിരുന്ന ഇരുമ്പു കട്ടിലിന് പതിനെട്ടര അടി നീളവും എട്ടര അടി വീതിയും ഉണ്ടായിരുന്നു എന്നാണ്. ഭീമാകാരമായ തന്റെ ശരീരത്തെ താങ്ങുവാൻ ഇത്രയും വലിപ്പം ആവശ്യമായിരുന്ന എന്നാണ് അതിനർത്ഥം. ഭൂമിയിലെ ആവാസ വ്യവസ്ഥയുടെ സ്ഥിതിയും ഓരോ തലമുറ പിന്നിടുന്തോറും മോശമായിക്കൊണ്ടേയിരിക്കും. ബൈബിൾ ഉൽപത്തിയിൽ പറയപ്പെട്ട ആദ്യകാല മനുഷ്യരുടെയും നോഹയുടെയും ആയുർ ദൈർഘ്യം ഒരു സൂചനയായി കണക്കാക്കിയാൽ ഇതു തന്നെയാണ് ആയുർദൈർഘ്യത്തിൽ കാലാകാലങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന വ്യത്യാസത്തിന്റെ രഹസ്യവും. നോഹ 600 വർഷം പ്രസംഗിച്ചുവെന്ന് അത്രയും ആയുസ്സ് ആ കാലത്ത് അദ്ദേഹത്തിനു പ്രത്യേകമായി നൽകപ്പെട്ടു എന്ന നിലയിൽ അല്ല. കാരണം ആ കാലഘട്ടക്കാർക്ക് നോഹ അത്രയും കാലം ജീവിച്ചുവെന്നത് വേറിട്ട അത്ഭുതപ്പെടുത്തുന്ന കാര്യമായി അനുഭവപ്പെട്ടിട്ടുണ്ടായിരുന്നില്ല. ആ കാലഘട്ടത്തിലെ മനുഷ്യരുടെ ആയുസ്സിനെ കുറിക്കാൻ കൂടിയാണ്. ഇവിടെയും രണ്ടു ഘടകങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കാം മനുഷ്യന്റെ കാലാകാലങ്ങളിലെ ആയുസ്സ് നിർണയിക്കപ്പെടുന്നത്. ഒന്ന്, അവന്റെ ഭൂമിയിലെ എണ്ണം തന്നെയായിരിക്കണം. പിന്നെ അവർ സാങ്കേതിക വിദ്യയുടെ സഹായത്താലും അല്ലാതെയും ആർജിക്കുന്ന വേഗതയും. പ്രത്യേകിച്ചും ഗതാഗത രംഗത്തും ആശയ വിനിമയ രംഗത്തുമാണ് ഇത് പ്രതിഫലിക്കുന്നത്. പുരാതന മനുഷ്യന്റെ അതേ ആയുസ്സും ഇപ്പോഴത്തെ ജനബാഹുല്യവും വേഗതയും ഒത്തുചേർന്നാൽ ജീവിതം എന്തുമാത്രം ദുസ്സഹമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ജലപ്രളയത്തിന് മുന്നമെ മനുഷ്യൻ ആയുസ്സ് പരിശോധിച്ചാൽ പ്രളയത്തിനു മുമ്പുള്ള കാലങ്ങളിൽ നൂറ്റാണ്ടുകളോളം ജീവിച്ച മനുഷ്യരുണ്ടായിരുന്നു. നോഹയ്ക്ക് 600 വയസ്സുള്ളപ്പോഴാണ് പ്രളയം ഉണ്ടാകുന്നത്.

അതിനുശേഷം 350 വർഷം കൂടെ ജീവിച്ച് 950 വയസ്സായപ്പോഴാണ് മരിക്കുന്നത് (ഉല്പ. 7:6; 9:29) പ്രളയത്തിനുശേഷം ജനിച്ചവരിൽപ്പോലും 120 വർഷത്തിലധികം ജീവിച്ചവരുണ്ട്. അർപ്പക്ഷാദ് മരിച്ചത് 438-ാം വയസ്സിലാണ്. ശാലഹ് ആകട്ടെ 433 വർഷം ജീവിച്ചു. (ഉല്പ. 11:10-15) പക്ഷേ മോശയുടെ കാലമായപ്പോഴേക്കും ആയുർദൈർഘ്യം 70 അല്ലെങ്കിൽ 80 ആയി ചുരുങ്ങി. (സങ്കീ. 90:10) അതുകൊണ്ട്, മനുഷ്യന്റെ ആയുർദൈർഘ്യം 120 വർഷമായി ദൈവം വെട്ടിച്ചുരുക്കി. ജലപ്രളയത്തിനു ശേഷം ഭൂമിയുടെ ആവസവ്യവസ്ഥയിന്മേൽ വന്ന മാറ്റം ആവാം മനുഷ്യന്റെ ആയുസ്സ് ചുരുങ്ങുന്നതിന് കാരണം.

ലോകാരോഗ്യ സംഘടന നല്കുന്ന കണക്കനുസരിച്ച് ഭൂമിയിലെ മനുഷ്യന്റെ ആയുസ്സ് കുറഞ്ഞു വരുന്നു എന്നാണ്. മനുഷ്യൻ ഭൂമിയിൽ വർദ്ധിക്കുന്നതിനനുസരിച്ച് ആയുസ്സ് കൂടിയാൽ ഇവിടെ ആർക്കും ജീവിക്കാൻ സാധിക്കുകയില്ല കാരണംഭൂമിയിലെ ജനസംഖ്യ കൂടുന്നതിനനുസരിച്ച് ഭൂമി മലിനമാകുക

07




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.